കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊണ്ടോട്ടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം25/1499/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 21.12.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

കൊണ്ടോട്ടി നഗരസഭ

സർ,

വിഷയം : കൊണ്ടോട്ടി നഗരസഭ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

........

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ നഗരപാലികാ നിയമം പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-എം.പി.എം25/1499/2020 തിയ്യതി: 21-12-2020

## <u>മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 12-11-2018 മുതൽ 15-07-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-07-2020 മുതൽ 21-07-2020 വരെ<br>19-10-2020 മുതൽ 27-10-2020 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സി.പി അബ്ദുൽ സത്താർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ദിനേശൻ. എം | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ. എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ്. കെ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ. കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ (16.07.2020 മുതൽ 21.07.2020 വരെ) |
| ശ്രീ. അബ്ദുസ്സലാം. പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. സക്കീന. കെ | ഓഡിറ്റർ |

ബി) <u>നിർവഹണാധികാരികൾ</u>

ചെയർമാൻ/ചെയർപേഴ്സൺ

| | |
|---|---|
| ശ്രീ. സി. കെ. നാടികുട്ടി | 01-04-2018 മുതൽ 29-08-2018 വരെ |
| ശ്രീ. യു.കെ മമ്മദീശ (ആക്ടിംഗ് ചെയർമാൻ) | 30-08-2018 മുതൽ 23-09-2018 വരെ |
| | |

| | |
|---|---|
| ശ്രീമതി. കെ.സി ഷീബ | 24-09-2018 മുതൽ 31-03-2019 വരെ |
| | |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ഫിറോസ് ഖാൻ. എ | 01-04-2018 മുതൽ 31-03-2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബീന നായർ | 01.04.2018 മുതൽ 24.10.2018 വരെ |
| | ശ്രീ. ബാബു ഷക്കീർ | 25.10.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. ലേഖ ചാക്കോ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ICDS ഓഫീസർ (സി.ഡി.പി.ഒ) | ശ്രീമതി. അബീന. സി | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീമതി. രമണി കെ | 01.08.2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ | ശ്രീ. ജൂഡ് ലൂയിസ്. എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി. ) | ഡോ. പ്രദീപ് കുമാർ. കെ.ജെ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷെബിൻ. പി. എ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സവിത. പി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. അബ്ദുസ്സലാം.കെ | 01.04.2018 മുതൽ 22.12.2018 വരെ |
| | ഒഴിവ് | 23.12.2018 മുതൽ 26.12.2018 വരെ |
| | ശ്രീ. ജിൻസ് സിറിയക് | 27.12.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ആന്റു. എ.വി | 01.04.2018 മുതൽ 04.07.2018 വരെ |
| | ശ്രീ. ഹരീഷ് മധു എസ് | 05.07.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് AUEGS | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | രസീത് ബുക്കുകളുടെ വിതരണം-സംബന്ധിച്ച് | 1-3 |
| 14 | തൊഴിൽ നികുതി അടവാക്കിയില്ല തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 15 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു | 1-15 |
| 16 | ഭരണ സമിതി തീരുമാനിച്ചതിലും കുറവായി ലൈസൻസ് ഫീ ഈടാക്കുന്നത് | 1-16 |
| 17 | തൊഴിൽ നികുതി - വിവിധ അപാകതകൾ | 1-17 |
| 18 | കാലഹരണപ്പെട്ട ചെക്കുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നില്ല | 1-18 |
| 19 | ഇ. ടെണ്ടർ - ടെണ്ടർ ഫീ അടവ് വിവരം ലഭ്യമല്ല | 1-19 |
| 20 | ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-20 |
| 21 | കുടിവെള്ള പദ്ധതി - പ്രവർത്തനക്ഷമമായ വിവരം ലഭ്യമല്ല | 1-21 |
| 22 | സ്കൂളുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ- സബ്സിഡി മാർഗ്ഗ രേഖ പാലിച്ചില്ല | 1-22 |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-23 |
| 24 | മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല | 1-24 |
| 25 | കോട്ടാശ്ശേരി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായില്ല | 1-25 |
| 26 | സർക്കാർ നിർദ്ദേശം പാലിക്കാതെ കൺവീനർക്ക് അധികം പണം നൽകി | 1-26 |
| 27 | എസ്.സി ഭവന വിപുലീകരണം - പ്രോജക്റ്റ് നിർദ്ദേശം മറികടന്നു- 1,20,000 രൂപ അധിക ധനസഹായം നൽകി | 1-27 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-28 |
| 29 | പി.ഡബ്ല്യു.ഡി മാന്വൽ നിർദേശങ്ങൾ പാലിക്കുന്നില്ല | 1-29 |
| 30 | പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം | 1-30 |
| 31 | ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങിനൽകൽ - വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല | 1-31 |
| 32 | അംഗനവാടികളിലേക്ക് ന്യൂട്രിമിക്സ് വാങ്ങിയത് - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടിഡിഎസ് പിടിച്ചിട്ടില്ല | 1-32 |
| 33 | ബഡ്സ് സ്കൂൾ നടത്തിപ്പും - പഠന യാത്രയും - പ്രൊജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-33 |
| 34 | എസ്.സി. വിദ്യാർത്ഥികൾക്ക് (ആൺകുട്ടികൾ) ലാപ് ടോപ് - പ്രൊജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-34 |
| 35 | എസ്.സി. വിദ്യാർത്ഥികൾക്ക് (പെൺകുട്ടികൾ) ലാപ് ടോപ് - പ്രൊജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ | 1-35 |
| | ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 36 | സർക്കാർ നിർദ്ദേശം പാലിക്കാതെ കൺവീനർക്ക് അധികം പണം നൽകി | 3-1 |
| 37 | എസ്.സി ഭവന വിപുലീകരണം - പ്രോജക്റ്റ് നിർദ്ദേശം മറികടന്നു- 1,20,000 രൂപ അധിക ധനസഹായം നൽകി | 3-2 |
| | ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 39 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 48 | അനുബന്ധം – I ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 31.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-07-2019 | 15-07-2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13-08-2019 മുതൽ 17-08-2019 വരെ | കെ.എസ്.എ.എം.പി.എം 25/ 1888/2019 തീയതി: 26-08-2019 |

## 1-4 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 1,82,45,752.82 |
| വരവ് | 32,27,50,420 |
| ആകെ | 34,09,96,172.82 |
| ചെലവ് | 27,57,68,666 |
| നീക്കിയിരിപ്പ് | 6,52,27,506.82 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25656209 | 25656209 | 24800710 | 855499 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 30853000 | 30853000 | 29314345 | 1538655 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 288000 | 288000 | 0 | 288000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 14132000 | 14132000 | 9184161 | 4947839 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5825000 | 5825000 | 3968695 | 1856305 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 14057364 | 14057364 | 9198933 | 4858431 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി. ബി ഫണ്ട് (bus stand loan) | 100234 | 350909 | 451143 | 347338 | 103805 |
| തനത് ഫണ്ട്- കെ.എസ്.സി.ബി | 2160647.82 | 15108568 | 17269215 | 7552399 | 9716816.82 |
| തനത് ഫണ്ട് – കോ.ഓപറേറ്റീവ് ബാങ്ക്, NDP | 1451676 | 47266 | 1498942 | 11701 | 1487241 |
| KGB-എ.യു.ഇ.ജി.എസ് | 1124504 | 5084488 | 6208992 | 5023886 | 1185106 |
| എസ്.ബി.ടി TSC KDT | 714867 | 25352 | 740219 | 0 | 740219 |
| KGB ഹരിയാലി 1,2 | 1463 | 3078 | 4541 | 4541 | 0 |
| KGB TSC NDP | 552116 | 23325 | 575441 | 0 | 575441 |
| KSCB Literacy | 587 | 1194567 | 1195154 | 1194567 | 587 |
| ട്രഷറി MN Lakshamveedu | 245508 | 0 | 245508 | 0 | 245508 |
| Vijaya Bank-ഒ.എ.പി | 12241 | 435 | 12676 | 0 | 12676 |
| SBT SSA | 407353 | 14446 | 421799 | 0 | 421799 |
| ICICI Swach Bharat Mission | 637 | 451850 | 452487 | 446000 | 6487 |
| ICICI BANK NULM | 195903 | 1586000 | 1781903 | 1177561 | 604342 |
| ICICI PMAY | 510000 | 37028000 | 37538000 | 37500000 | 38000 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2018-19 | 457 | 206355202 | 292 | 125708128 | 124 | 41 | 63.8 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1124504 | 5084488 | 6208992 | 424883 | 1185106 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത് | | | | 4599003 | |
| ആകെ | 1124504 | 5084488 | 6208992 | 5023886 | 1185106 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

## 1-8 ക്ഷേമപദ്ധതികൾ

2018-19 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,56,240 | 175 |
| കർഷക തൊഴിലാളി പെൻഷൻ | 59,20,700 | 505 |
| വിധവാ പെൻഷൻ | 2,18,79,500 | 101 |
| വാർദ്ധക്യകാല പെൻഷൻ | 3,33,66,500 | 2503 |
| വികലാംഗ പെൻഷൻ | 59,20,700 | 678 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5,74,800 | 45 |

നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2020ന് 2:30-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 36,398 രൂപ ക്യാഷ് ബാലൻസ് ആയി കണ്ടു. കൗണ്ടർ വരവ് തുക 35,832 രൂപയായിരുന്നു. വ്യത്യാസമുള്ള അധികത്തുക ബാക്കി നൽകാനുള്ളതായിരുന്നുവെന്ന്, വിശദീകരിക്കാൻ ആവശ്യപ്പെട്ട പ്രകാരം, വിശദീകരിച്ചു.

കാഷ് കൗണ്ടർ ബന്തവസ്സായി സൂക്ഷിക്കുകയും, കാഷ്യർ ഒഴികെയുള്ളവരുടെ പ്രവേശനം നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്. കാഷ്യറടക്കം എല്ലാവരുടെയും കാഷ് ഡിക്ലറേഷൻ രജിസ്റ്റർ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

1. ഫയലുകൾ സൂക്ഷിക്കുന്നതിലും വൗച്ചറുകൾ, സബ് വൗച്ചറുകൾ, രേഖകൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നതിലും തികഞ്ഞ അലംഭാവം കണ്ടുവരുന്നുണ്ട്. സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ട് ഫയലുകളിൽ 19 എണ്ണം ഓഡിറ്റിന് ലഭ്യമായിട്ടില്ല.

2. സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), കൃഷി ഓഫീസർ എന്നിവർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല. കൂടാതെ എം.ബുക്ക് ക്രമനമ്പറിട്ട് സൂക്ഷിക്കുകയോ, വെൽഫയർ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

4. അസിസ്റ്റന്റ് എഞ്ചിനീയർ, തൊഴിലുറപ്പ് എന്നിങ്ങനെ വ്യത്യസ്ത മരാമത്തുകളിൽ ഉപയോഗിക്കുന്ന അളവു പുസ്തകങ്ങൾ സെക്രട്ടറി നമ്പരിട്ട് ഇഷ്യൂ ചെയ്യേണ്ടതാണ്. നിലവിൽ അതാതു നിർവഹണ ഉദ്യോഗസ്ഥർ നമ്പരിടുന്നതിനാൽ ഒരേ നമ്പരിൽ വ്യത്യസ്ത അളവു പുസ്തകങ്ങൾ കാണപ്പെടുന്നു. ഈ അപാകത അവസാനിപ്പിക്കേണ്ടതാണ്.

5. രസീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററടക്കം എല്ലാ സ്റ്റോക്ക് രജിസ്റ്ററുകളും ശരിയായി രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയും വാർഷിക ഭൗതിക പരിശോധന രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

6. വസ്തു നികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ മുഴുവൻ ഫയലുകളും പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ മുഴുവനായും പരിശോധിക്കാനായിട്ടില്ല.

7. മാന്വൽ രശീതി ഉപയോഗത്തിലെ അപാകതകൾ: ശ്രീമതി കദീജയുടെ പേരിൽ ഇഷ്യൂ ചെയ്ത 289ാം രസീത് ബുക്കിൽ രസീത് നമ്പർ 28838 മുതൽ 28844 വരെ ശ്രീ കുഞ്ഞാലൻ കുട്ടിയുടെ പേരിൽ 22/2/2019ൽ കെട്ടിട നികുതി ഈടാക്കിയ രസീതുകൾ, രസീത് നമ്പർ 28845 മുതൽ 28853 വരെ ശ്രീ പള്ളത്ത് കുഞ്ഞിമോൻ എന്നയാളുടെ പേരിൽ 22/2/2019ൽ കെട്ടിട നികുതി ഈടാക്കിയ രസീതുകൾ എന്നിവ ക്യാൻസൽ ചെയ്തതിന്റെ കാരണം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നടത്തിയിട്ടില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടത്തിയിട്ടില്ല | - | - |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

1.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പത്രിക, അക്കൗണ്ടിംഗ് കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2.നഗരസഭയുടെ വരവ് വിവരങ്ങൾ രേഖപ്പെടുത്തിയ ഡിമാന്റ്/കളക്ഷൻ രജിസ്റ്ററുകൾ (വാടക രജിസ്റ്റർ, മാര്യേജ് റജിസ്ട്രേഷൻ രജിസ്റ്റർ, ഡി.ആന്റ് ഒ.രജിസ്റ്റർ എന്നിവ ഒഴികെ) വാർഷിക സംഗ്രഹം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി രജിസ്റ്റർ/സഞ്ചയ സംക്ഷിപ്തം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3.വാടക രജിസ്റ്റർ - തയ്യാറാക്കിയ സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. Rent receivable from Civic aminities ഇനത്തിൽ ഷെഡ്യൂൾ B-15 പ്രകാരം (642053+206177) = 8,48,230/-രൂപ കുടിശ്ശികയുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം 3,78,000/-രൂപയാണ്.

4.മാര്യേജ് റജിസ്ട്രേഷൻ ഫീ രജിസ്റ്റർ പ്രകാരം 52,400 രൂപ വരവുണ്ട്. ആയത് RP-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.ഡി.ആന്റ് ഒ. റജിസ്റ്റർ പ്രകാരം ആകെ കളക്ഷൻ 18,97,250 രൂപയാണ്. എന്നാൽ 2017-18ലെ മുൻകൂർ കളക്ഷൻ (12,09,045), ഷെഡ്യൂൾ RP -37 തൻവർഷ വരവ് (726740), കുടിശ്ശിക വരവ് (48750) ഉൾപ്പെടെ 19,84,535രൂപ വാർഷിക കണക്ക് പ്രകാരം വരവുണ്ട്.

6.ബസ്സ്റ്റാന്റ് വരവ് വാടക രജിസ്റ്റർ പ്രകാരം 4,56,500 രൂപയാണ് വരവ്. എന്നാൽ വാർഷിക കണക്ക് പ്രകാരം 4,13,567 രൂപയാണ് (412067+1500). കംഫർട്ട് സ്റ്റേഷൻ വക വരവ് രജിസ്റ്റർ പ്രകാരം 3,26,000/-രൂപയുണ്ടെങ്കിലും വാർഷിക കണക്കിൽ 304 രൂപ മാത്രമാണ്.

7.ആസ്തി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

8. B-18 ഷെഡ്യൂളിൽ 460400101, 460500201, 460500204, 460500301, 460509901, 460509904, 460509909 എന്നീ ഹെഡ്ഡുകളിൽ വിവിധ മുൻകൂറുകൾ നൽകിയത് തിരികെ ക്രമീകരിക്കാതെ വർഷങ്ങളായി ആസ്തികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

9.അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ഇക്വിറ്റി ഷെയർ ആയി 1,02,000 രൂപയും സ്ഥിര നിക്ഷേപമായി 3,87,447 രൂപയും ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

11.ഇൻകം&എക്സ്പെൻഡിച്ചർ പത്രികയിലെ 1-17(a) ഷെഡ്യൂൾ (ആസ്തികളുടെ ഡിപ്രീസിയേഷൻ) എ.എഫ്.എസ്. ൽ ഉൾപ്പെടുത്തിയിട്ടില്ല.

12.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

13.Capital Work in Progress ആയി കാണിച്ച തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമായിട്ടില്ല.

14.പ്രതിമാസ വരവ് ചെലവ് കണക്കുകൾ യഥാസമയം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

15.തൊഴിലുറപ്പ് പദ്ധതി AUEGS-ചെലവായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 16,439/-രൂപ മാത്രമാണ്. (ഷെഡ്യൂൾI-14)

16 .2017-18 വാർഷിക കണക്ക് അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12) പരിഹരിച്ചിട്ടില്ല.

## 1-13 രസീത് ബുക്കുകളുടെ വിതരണം-സംബന്ധിച്ച്

2007 ലെ മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 74 പ്രകാരം മുനിസിപ്പാലിറ്റിയിൽ രസീത് ബുക്ക് ലഭിച്ച ഉടനെ നമ്പറിടുകയും സ്റ്റോക്ക് ബുക്കിൽ ചേർക്കുകയും വേണം. ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം ഓരോ സ്റ്റോക്ക് ബുക്കിലും രേഖപ്പെടുത്തി സെക്രട്ടറിയോ അക്കൗണ്ടന്റോ ഇക്കാര്യത്തിന് വേണ്ടി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഒപ്പു വെക്കേണ്ടതാണ്. രസീത് ബുക്ക് ഇഷ്യൂ ചെയ്യുന്നത് അവയുടെ നമ്പർ ക്രമത്തിലായിരിക്കണം. രസീത് ബുക്ക് ലഭിച്ച ഉദ്യോഗസ്ഥൻ സ്റ്റോക്ക് ബുക്കിൽ ഒപ്പു വെക്കേണ്ടതാണ്. എന്നാൽ രസീത് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന രസീതുകളുടെ എണ്ണം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2.വെറ്ററിനറി സർജന് നൽകിയ രസീത് ബുക്ക് നമ്പർ 334, 335, 336 എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം ചെയ്തതായി കാണിച്ചിട്ടില്ല.

3. താഴെ ചേർത്തിരിക്കുന്ന രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| രസീത്ബുക്ക് നമ്പർ | കൈപ്പറ്റിയ ആൾ |
|---|---|
| 291 | ശ്രീമതി.ഫാത്തിമ സുഹറാബി, ക്ലാർക്ക് |
| 303 | ശ്രീമതി.ശാലിനി, ക്ലാർക്ക് |
| 304 | ശ്രീ.അബ്ദുൽ സമദ്, ക്ലാർക്ക് |
| 310 | ശ്രീമതി.കദീജ, ക്ലാർക്ക് |
| 325 | കൃഷി ഓഫീസർ (നെടിയിരിപ്പ്) |
| 326 | കൃഷി ഓഫീസർ (നെടിയിരിപ്പ്) |
| 327 | കൃഷി ഓഫീസർ (നെടിയിരിപ്പ്) |

രസീത് ബുക്കുകൾ മുഴുവനായും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4.രസീത് ബുക്ക് നമ്പർ 333 ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല. എന്നാൽ അതിന് ശേഷമുള്ള രസീത് ബുക്കുകൾ 336 വരെ ഇഷ്യൂ ചെയ്തിട്ടുണ്ട്. ക്രമ നമ്പർ പാലിക്കാതെ ഇഷ്യൂ ചെയ്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/20-10-2020 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 തൊഴിൽ നികുതി അടവാക്കിയില്ല തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

2018-19 വർഷത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ രണ്ട് അർദ്ധ വർഷത്തിലും ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | പാരാമെഡിക്കൽ രജിസ്ട്രേഷൻ പ്രകാരം സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | പറമ്പിൽ ഡെന്റൽ ക്ലിനിക് കൊണ്ടോട്ടി | 2 |
| 2 | ഡൈസ്മാൻ ഹോസ്പിറ്റൽ കുറുപ്പത്ത്, കൊണ്ടോട്ടി | 4 |
| 3 | അൽ ഷിഫാ ഡയഗ്നോസ്റ്റിക് സെന്റർ, കൊണ്ടോട്ടി | 1 |
| 4 | ഡൈസ്മാൻ ഹോസ്പിറ്റൽ മുസ്ലിയാരങ്ങാടി | 4 |
| 5 | ഡോ. ഫാസിൽസ് ഫാമിലി ഡെന്റൽ ക്ലിനിക് | 3 |
| 6 | സം സം മെഡിക്കൽ ലബോറട്ടറി | 1 |
| 7 | പ്രശാന്തി ഡെന്റൽ ക്ലിനിക്ക്, കൊണ്ടോട്ടി | 4 |
| | | |

| | | |
|---|---|---|
| 8 | പള്ളിക്കൽ ഹോമിയോ ക്ലിനിക്ക്, കുറുപ്പത്ത് | 1 |
| 9 | ആഞ്ചൽ സ്പീച്ച് & ഹിയറിംഗ് സെന്റർ, കൊണ്ടോട്ടി | 2 |
| 10 | നാസ്സ് സ്പെഷാലിറ്റി ഡെന്റൽ ക്ലിനിക് | 2 |
| 11 | ദന്തിക മൾട്ടി സ്പെഷാലിറ്റി ഡെന്റൽ കെയർ സെന്റർ | 5 |
| 12 | നിഅ്മത്ത് യുനാനി ക്ലിനിക്, കുറുപ്പത്ത് | 2 |
| 13 | മർമ്മ ചികിത്സാലയം, ബ്ലോക്ക് റോഡ് കൊണ്ടോട്ടി | 2 |
| 14 | നീതി ലാബ് കൊണ്ടോട്ടി | 3 |
| 15 | ന്യൂ മാളിയേക്കൽ ഫാർമസി & മാളിയേക്കൽ പോളി ക്ലിനിക് | 5 |
| 16 | ഷിഫാ ഹോമിയോ ക്ലിനിക് | 1 |
| 17 | ഇമേജ് സ്കാൻ സെന്റർ | 3 |
| 18 | ഗ്ലോബൽ ഇന്റഗ്രേറ്റ് റീ ഹാബിലിറ്റേഷൻ ആന്റ് ഡവലപ്പ്മെന്റ് സെന്റർ | 3 |
| 19 | ഫാത്തിമ്മ ഡെന്റ കെയർ | 4 |
| 20 | ഹൈടെക് എക്സ്റേയ് ഡയഗ്നോസ്റ്റിക് സെന്റർ | 2 |
| 21 | ഹിദ ഫാമിലി ഡെന്റ കെയർ | 6 |
| 22 | അനുഗ്രഹം ഹോമിയോ ക്ലിനിക് | 1 |
| 23 | മദേഴ്സ് ക്ലിനിക് നെറ്റ് വർക്സ് | 2 |
| 24 | ചുണ്ടക്കാടൻ ഡെന്റ കെയർ | 2 |
| 25 | ചുണ്ടക്കാടൻ ഷിഫ ഡെന്റൽ കെയർ | 2 |
| 26 | ഡോ. മോനുദ്ദീൻ ഡെന്റൽ കെയർ | 2 |
| 27 | ഡോ. റാഷീസ് റൂട്ട് കനാൽ സെന്റർ ആന്റ് ഡെന്റൽ കെയർ | 3 |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21.07.20) മേൽ ജീവനക്കാരിൽ നിന്നും തികുതി ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു

2018-19 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നു. എന്നാൽ ടി സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | മേഴ്സി ഹോസ്പിറ്റൽ, കൊണ്ടോട്ടി |
| 2 | നെടിയിരുപ്പ് കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, മുസ്ലിയാരങ്ങാടി |
| 3 | പ്രശാന്ത് ആയുർവേദ ഹോസ്പിറ്റൽ, കൊണ്ടോട്ടി |

മേൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/21.07.20) ക്രമ നമ്പർ 2 ഒഴികെയുള്ളവർ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന

മറുപടിയാണ് നൽകിയത്.

പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിച്ച നെടിയിരുപ്പ് കോ ഓപ്പറേറ്റീവ് ഹോസ്പിറ്റലിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-16 ഭരണ സമിതി തീരുമാനിച്ചതിലും കുറവായി ലൈസൻസ് ഫീ ഈടാക്കുന്നത്

ഡി ആന്റ് ഒ ലൈസൻസ് ഇനത്തിൽ ഓരോ വ്യാപാരങ്ങളിൽ നിന്നും ഈടാക്കേണ്ടുന്ന ലൈസൻസ് ഫീ ഭരണസമിതി തീരുമാന പ്രകാരം (10.03.2018 ലെ 15-ാം നമ്പർ തീരുമാനം) നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പല കച്ചവട സ്ഥാപനങ്ങളിൽ നിന്നും കുറവായി ലൈസൻസ് ഫീ ഈടാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് നമ്പർ | ലൈസൻസി | ഇനം | ഭരണ സമിതി തീരുമാന പ്രകാരം ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ ഫീ | ഈടാക്കിയ ഫീ | കുറവായി ഈടാക്കിയ തുക |
|---|---|---|---|---|---|---|
| 1 | 89 | ഹംസ ചപ്പങ്ങത്തിൽ തയ്യിൽ | ന്യൂ ഗോൾഡ് സ്റ്റാർ ജ്വല്ലറി | 2000 | 1500 | 500 |
| 2 | 109 | മുഹമ്മദ് ഇക്ബാൽ | കല്പക ഇലക്ട്രോണിക്സ് | 1000 | 750 | 250 |
| 3 | 111 | മുഹമ്മദ് ഹനീസ് ബാവ | ചുണ്ടക്കാടൻ ഹാർഡ് വെയർ | 2500 | 500 | 2000 |
| 4 | 180 | കെ അബ്ദു റഹ്മാൻ | ലോക്ക് ലിങ്ക് ഹാർഡ്വെയർ | 2500 | 500 | 2000 |
| 5 | 368 | മുഹമ്മദ് മുനീർ | Read X-Rays | 2000 | 1000 | 1000 |
| 6 | 376 | ജി. വൈദ്യനാഥൻ | അൽ റൈഹാൻ കണ്ണാശുപത്രി | 3000 | 2500 | 500 |
| 7 | 443 | കെ.കെ ചന്ദ്രൻ | കെ കെ ഗോൾഡ് | 2000 | 1000 | 1000 |
| 8 | 499 | വി സുബൈദ വെള്ളരിക്കൽ | ത്രീ ബ്രദേഴ്സ് സ്റ്റേഷനറി | 1500 | 300 | 1200 |
| 9 | 436 | പള്ളിയാളി അബ്ദുറഹ്മാൻ | ബിസ്മില്ല സ്റ്റോർ പലചരക്ക് | 1500 | 1000 | 500 |
| 10 | 500 | നിഷാദ് മോൻ | പൊന്നൂസ് ബേക്കറി & കൂൾബാർ | 1000 | 500 | 500 |
| ആകെ | | | | | | 9450 |

മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/19.10.20) ക്രമ നമ്പർ 1,3,4,5,6,7 എന്നിവരിൽ നിന്നും ഷെഡ്യൂൾ പ്രകാരമുള്ള തുക ഈടാക്കി അടവാക്കി രശീതി സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 2, 8, 9, 10 എന്നിവയുടെ കച്ചവടത്തിന്റെ തരത്തിനനുസരിച്ച് ലൈസൻസ് ഫീ ഈടാക്കിയതാണെന്നാണ് മറുപടി ലഭ്യമാക്കിയത്.

എൻക്വയറി പ്രകാരം 2018-19 വർഷത്തിൽ ഷെഡ്യൂൾ പ്രകാരമുള്ള ഫീ ഈടാക്കാത്ത ചില സ്ഥാപനങ്ങളുടെ ഉദാഹരണങ്ങൾ മാത്രമാണ് സൂചിപ്പിച്ചിരുന്നത്. ലൈസൻസ് ഫീ ഫയലുകൾ പരിശോധിച്ച് മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഇത്തരത്തിൽ ലൈസൻസ് ഫീ കുറവായി ഈടാക്കിയിട്ടുണ്ടെങ്കിൽ അവശേഷിക്കുന്ന തുക കൂടി ഈടാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി - വിവിധ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായിട്ടുള്ളവരിൽ നിന്നും അർദ്ധ വാർഷിക വരുമാനം കാണിയ്ക്കുന്ന റിട്ടേൺ ഓരോ അർദ്ധവർഷത്തിലും ആവശ്യപ്പെടേണ്ടതാണ്. കൂടാതെ കേരള മുനിസിപ്പാലിറ്റി ആക്ട് 1994 ലെ വകുപ്പ് 252 പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ ഏതൊരാളും അതു നൽകാൻ ബാധ്യസ്ഥനാണ് എന്നും, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാൻ ആവശ്യമായ നടപടി സീകരിക്കേണ്ടതാണ്.

2.തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

നികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിയ്ക്കുവാനുള്ള കുടിശ്ശിക മൂന്ന വർഷത്തിനകം പിരിച്ചെടുക്കാത്ത പക്ഷം കാലാഹരണ നിയമം ബാധകമാവുന്നതും തുക പിരിച്ചെടുക്കാൻ സാധിയ്ക്കാതെ വരികയും ചെയ്യും. അപ്രകാരം തുക പരിച്ചെടുക്കാൻ സാധിയ്ക്കാത്ത പക്ഷം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം വീഴ്ചക്ക് ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാൻ ആവശ്യമായ നടപടി സീകരിക്കേണ്ടതാണ്.

3.സ്ഥാപന രജിസ്റ്റർ

ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ നിയമിച്ച മുഴുവൻ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേര് വിവര രജിസ്റ്റർ സൂക്ഷിക്കാൻ ആവശ്യമായ നടപടി സീകരിക്കേണ്ടതാണ്.

4.1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 249ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 5 എന്നിവ പ്രകാരം സെക്രട്ടറിക്ക് ഓരോ കെട്ടിട ഉടമയോടും തങ്ങൾ വാടകക്ക് നൽകിയ കെട്ടിടം ഏത് ഉപയോഗത്തിനാണ് വാടകക്ക് നൽകിയിട്ടുള്ളത് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നും ആവശ്യപ്പെടാവുന്നതാണെന്ന വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ എല്ലാ വാടക കെട്ടിട ഉടമയോടും വിവരം ആരാഞ്ഞ് തൊഴിൽ നികുതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കേണ്ടതാണ്.

5. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 245 (എ) (i) പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ, മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ താമസിച്ചുകൊണ്ട് ജോലിയോ ബിസിനസോ നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഉദ്യോഗം വഹിയ്ക്കുകയോ ചെയ്യുന്ന ഏതൊരാളും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(1)(2) ലെ പട്ടിക പ്രകാരം പ്രസ്തുത മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പൊമോന സിൽക്സ്. | ഒന്നാം അർദ്ധ വർഷം |
| | | |

| | | |
|---|---|---|
| 2 | ത്രീജി.മൊബൈൽ കൊണ്ടോട്ടി. | ഒന്നാം അർദ്ധ വർഷം |
| 3 | ജി.എൽ.പി.എസ് നെടിയിരുപ്പ്. | ഒന്നാം അർദ്ധ വർഷം |
| 4 | അസിസ്റ്റന്റ് രജിസ്ട്രാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | ഒന്നാം അർദ്ധ വർഷം |
| 5 | അൽ-റൈഹാൻ കോളേജ്. ഓഫ്താൽമോളജി. | ഒന്നാം അർദ്ധ വർഷം |
| 6 | പെട്രോൾ പമ്പ് കൊണ്ടോട്ടി.(ഐ.പി) | ഒന്നാം അർദ്ധ വർഷം |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ LSGD കൊണ്ടോട്ടി. | രണ്ടാം അർദ്ധ വർഷം |
| 8 | എ.എം.എൽ.പി.എസ് കാളോത്ത്. | രണ്ടാം അർദ്ധ വർഷം |
| 9 | ബ്ളോസ്സം ഗോൾഡ് കളക്ഷൻസ്, കൊണ്ടോട്ടി. | രണ്ടാം അർദ്ധ വർഷം |
| 10 | ബുഖാരി ഇംഗ്ളീഷ് സ്കൂൾ. | രണ്ടാം അർദ്ധ വർഷം |
| 11 | BWWF ഡിസ്പെൻസറി. | രണ്ടാം അർദ്ധ വർഷം |
| 12 | എവറസ്റ്റ് ഫൗണ്ടേഷൻ. | രണ്ടാം അർദ്ധ വർഷം |
| 13 | എെ.സി.ഡി.എസ്.പ്രോജക്റ്റ് ഓഫീസർ. | രണ്ടാം അർദ്ധ വർഷം |
| 14 | ചിറയിൽ പോസ്റ്റ് ഓഫീസ്. | രണ്ടാം അർദ്ധ വർഷം |
| 15 | സാംസ് ബിൽഡേഴ്സ് &കൺസ്ട്രക്ടേഴ്സ്. | രണ്ടാം അർദ്ധ വർഷം |
| 16 | പ്രൈമറി കോ-ഓപ്പറേറ്റീവ് അഗ്രി റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്. | രണ്ടാം അർദ്ധ വർഷം |
| 17 | മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്. | രണ്ടാം അർദ്ധ വർഷം |
| 18 | സൂപ്പറിന്റന്റ് സെൻട്രൽ ടാക്സ് & സെന്ട്രൽ എക്സൈസ്. | രണ്ടാം അർദ്ധ വർഷം |
| 19 | ബീഡി വർക്കർ വെൽഫയർ ബോഡ്. | രണ്ടാം അർദ്ധ വർഷം |
| 20 | സപ്ലൈ ഓഫീസ്, നെടിയിരിപ്പ്. | രണ്ടാം അർദ്ധ വർഷം |
| 21 | അച്ചുതൻ എബി ഗോൾഡ്. | രണ്ടാം അർദ്ധ വർഷം |
| 22 | അസിസ്റ്റന്റ് ഡയറക്ടർ, അഗ്രികൾച്ചർ, കൊണ്ടോട്ടി. | രണ്ടാം അർദ്ധ വർഷം |
| 23 | ഡൈനോസ് ഫർണിച്ചർ, കൊണ്ടോട്ടി. | രണ്ടാം അർദ്ധ |

| | | |
|---|---|---|
| | | വർഷം |
| 24 | ഹോമിയോ ഹെൽത്ത് കെയർ, കൊട്ടാശ്ശേരി. | രണ്ടാം അർദ്ധ വർഷം |
| 25 | സപ്പ്ളൈ കോ-ഡിപ്പോ തിരൂരങ്ങാടി. | രണ്ടാം അർദ്ധ വർഷം |
| 26 | കിൻഫ്ര ലാൻഡ് ടെക്സ്റ്റോ പാർക്ക്. | രണ്ടാം അർദ്ധ വർഷം |
| 27 | കൊണ്ടോട്ടി റീജണൽ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ്. | രണ്ടാം അർദ്ധ വർഷം |
| 28 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്പ്മെന്റ് കോ-ഓപ്പറേഷൻ. | രണ്ടാം അർദ്ധ വർഷം |
| 29 | വെറ്റിനറി ഹോസ്പിറ്റൽ, കൊണ്ടോട്ടി. | രണ്ടാം അർദ്ധ വർഷം |
| 30 | ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ചേരി. | രണ്ടാം അർദ്ധ വർഷം |
| 31 | കേരള സ്റ്റേറ്റ് സിവിൽ സപ്പ്ളൈ കോ-ഓപ്പറേഷൻ ലിമിറ്റഡ്, മഞ്ചേരി. | രണ്ടാം അർദ്ധ വർഷം |
| 32 | ബഡ്സ് സ്പെഷൽ സ്കൂൾ, മഞ്ചേരി. | രണ്ടാം അർദ്ധ വർഷം |
| 33 | ദർശന സിൽക്സ് കൊണ്ടോട്ടി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 34 | ദുബായ് ഗോൾഡ്. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 35 | ജി.എം.എൽ.പി.എസ് ചരൽകുത്ത്. | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 36 | ഗവ.ഹോമിയോ ഡിസ്പെൻസറി കൊണ്ടോട്ടി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 37 | ജന്നാത്ത് ജ്വല്ലറി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 38 | ക്ഷീര വികസന ഓഫീസ്. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 39 | എം.മുഹമ്മദ്കുട്ടി ആധാരംഎഴുത്ത്. | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 40 | മാവേലിസ്റ്റോർ, നെടിയിരുപ്പ്. | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 41 | മാവേലിസ്റ്റോർ, കൊണ്ടോട്ടി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 42 | നെടിയിരുപ്പ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, മുസ്ലിയാരങ്ങാടി. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 43 | നൃകവിതാ തിയേറ്റർ. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 44 | പെട്രോൾ പമ്പ് കാളോത്ത്. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 45 | പോസ്റ്റ് ഓഫീസ് നെടിയിരുപ്പ്. | ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 46 | ഇന്ത്യൻ സിമന്റ് ലിമിറ്റഡ്. | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 47 | വെറ്ററിനറി സർവ്വീസ് പ്രൊവൈഡർ. | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |
| 48 | 4പി മാർട്ട്കൊണ്ടോട്ടി, | ഒന്ന്, രണ്ട് അർദ്ധ വർഷങ്ങൾ |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഡിമാന്റ് രജിസ്റ്ററിൽ പല സ്ഥാപനങ്ങളുടെയും പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പൂർണ്ണ മേൽവിലാസം രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ കാലികമാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 4/19-10-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 കാലഹരണപ്പെട്ട ചെക്കുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നില്ല

മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾ 2007 ചട്ടം 45 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് മുൻസിപ്പാലിറ്റിയിൽ സമർപ്പിക്കുകയാണെങ്കിൽ 43-ാം ചട്ടത്തിൽ പറഞ്ഞിരിക്കുന്ന പോലെ റദ്ദ് ചെയ്യേണ്ടതാണ്. എന്നാൽ നഗരസഭയിലെ 20-സെപ്റ്റംബർ 2020 വരെയുള്ള ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ഈ ചട്ടങ്ങൾ പാലിക്കാത്തതായി ശ്രദ്ധിക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ചെക്കുകളുടെ എണ്ണം | തീയ്യതി | തുക(രൂപ) |
|---|---|---|---|
| 0020050003401<br>(KSCB-MUNCIPAL OWN FUND) | 646 | 22/02/2016 മുതൽ 30-03-2020 വരെ | 34,694,916 |
| 3153101009400<br>(CANERA BANK) | 77 | 22/11/2016 മുതൽ 31-03-2019 വരെ | 9,345,556 |
| 917010069258367<br>(AXIS BANK ) | 6 | 29-02-2016 മുതൽ 16-06-2020 വരെ | 715343 |
| 50100215625441<br>(HDFC BANK) | 1 | 30-03-2019 | 65341 |
| CO-OPERATIVE BANK(450230200) | 48 | 1-02-2016 മുതൽ 22-03-2018 വരെ | 995782 |
| SPECIAL TSB-20(450250101) | 106 | 22-02-2016 മുതൽ 2-10-2018 വരെ | 27,027,182 |
| ആകെ | | 72844120 | |

കാലഹരണപ്പെട്ട ചെക്കുകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്.

## 1-19 ഇ. ടെണ്ടർ - ടെണ്ടർ ഫീ അടവ് വിവരം ലഭ്യമല്ല

2018-19 വർഷത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നഗരസഭാഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.

മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാരിൽ നിന്ന് ഈടാക്കിയ തുകയുടെ അടവ് വിവരം ലഭ്യമാക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 22/ 27.10.2020) മറുപടി ലഭ്യമാക്കിയില്ല.

## 1-20 ചെലവ് അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

മുനസിപ്പൽ സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന തനത് ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ ചെലവ് അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തിയ്യതി | ചെലവ് വിശദാംശം | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 21800254/ 23.06.2018 | കല്ലാരംകുറ്റി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് KSEB യിൽ അടവാക്കാൻ പിൻവലിച്ച തുക | 241624 | തുക അടവാക്കിയത്, കണക്ഷൻ ലഭിച്ചത്, കൈപ്പറ്റ് എന്നിവയുടെ വിവരം ഇല്ല. |
| 2 | 21800312/ 06.07.2018 | വാർഡ് സാനിറ്റേഷൻ സമിതി ചെയർമാൻമാരുടെ അക്കൗണ്ടിലേക്ക് ശുചിത്വ മിഷൻ ഫണ്ട് അനുവദിച്ചത്. | 200000 | ചെലവ് രേഖകൾ ഇല്ല. |
| 3 | 21800336/ 10.07.2018 | വാർഡ് സാനിറ്റേഷൻ സമിതി ചെയർമാൻമാരുടെ അക്കൗണ്ടിലേക്ക് ശുചിത്വ മിഷൻ ഫണ്ട് അനുവദിച്ചത്. | 200000 | ചെലവ് രേഖകൾ ഇല്ല. |
| 4 | 21800411/ 09.08.2018 | സംസ്ഥാന കർഷക ദിനാഘോഷ പരിപാടിയുടെ ചെലവിലേക്ക് അനുവദിച്ച തുക | 20000 | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 5 | 21800412/ 09.08.2018 | ചിങ്ങം ഒന്ന് കർഷക ദിനം ചെലവ് നെടിയിരുപ്പ്, കൊണ്ടോട്ടി കൃഷി ഓഫീസർമാർക്ക് നൽകിയത് | 5000 | ചെലവ് രേഖകൾ ഇല്ല. |
| 6 | 21800420/ 17.08.2018 | KL 10 A 5419 വാഹനം റിപ്പയർ ചെയ്തതിന് ചെലവഴിച്ച തുക (ERAM Motors, Feroke) | 64709 | ആവശ്യകതാ റിപ്പോർട്ട് ഇല്ല |
| 7 | 21800461/ 11.09.2018 | PMAY പദ്ധതി താക്കോൽദാന പരിപാടിയുടെ ക്രമീകരണങ്ങൾ നടത്തുന്നതിന് ശ്രീ. അനീഷ് പി.ബിക്ക് അഡ്വാൻസ് നൽകിയത്. | 50000 | ചെലവ് രേഖകൾ, ക്രമീകരണ വിവരം ഇല്ല. |
| 8 | 21800466/ 13.09.2018 | ബഡ്സ് സ്കൂൾ വാഹനം ടാക്സ് അടക്കുന്നതിന് ശ്രീ. ഷെബിൻ. സിക്ക് അഡ്വാൻസ് നൽകിയത്. | 2500 | ക്രമീകരണ വിവരം, അടവാക്കിയ വിവരം ഇല്ല. |
| 9 | 21800601/ 06.10.2018 | ദുരിതാശ്വാസ കിറ്റ് വിതരണം ചെയ്തതിന് ചെലവഴിച്ച തുക. | 169650 | വിതരണ വിവരം ഇല്ല. |
| 10 | 21800607/ 09.10.2018 | ഭൂജല സർവേ നടത്തുന്നതിന് GWD യിൽ അടച്ച തുക | 3680 | കൈപ്പറ്റ്, സർവെ നടത്തിയ വിവരം ഇല്ല. |
| 11 | 21800868/ 13.12.2018 | തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിന് 12 w LED ബൾബ് 500 എണ്ണം വാങ്ങിയതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കോഴിക്കോടിന് നൽകിയത് | 98147 | ബൾബുകൾ ലഭ്യമായതിന്റെയും, സ്റ്റോക്കിലെടുത്തതിന്റെയും, ഇൻസ്റ്റാൾ ചെയ്തതിന്റെയും വിവരം ഇല്ല |

| | | | | |
|---|---|---|---|---|
| 12 | 21800877/ 19.12.2018 | 37-ാം വാർഡ് ഇല്ലിക്കൽ മുതുവോട് ഡ്രൈനേജ് നവീകരണത്തിന്റെ ഭാഗമായി 3 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് KSEB യിലേക്ക് അടവാക്കിയ തുക | 24388 | അടവ്, കൈപ്പറ്റ് വിവരം ഇല്ല. വർക്ക് പൂർത്തീകരിച്ചതിന്റെ വിവരം ഇല്ല |
| 13 | 21800912/ 24.12.2018 | എഞ്ചിനീയറിംഗ് വിംഗിലേക്ക് വാഹനം വാങ്ങുന്നതിനായി ERAM Motors പ്രൈവറ്റ് ലിമിറ്റഡിന് അഡ്വാൻസ് നൽകിയ തുക | 10000 | വാഹനം വാങ്ങുന്നതിനുള്ള അനുമതി ഉത്തരവ്, ബില്ല്, നികുതി അടവാക്കിയ വിവരം etc ഇല്ല |
| 14 | 21800995/ 17.01.2019 | എഞ്ചിനീയറിംഗ് വിംഗിലേക്ക് വാഹനം വാങ്ങുന്നതിനായി ERAM Motors, മലപ്പുറം പ്രൈവറ്റ് ലിമിറ്റഡിന് നൽകിയ തുക | 1138170 | |
| 15 | 21801242/ 13.03.2019 | പഞ്ചായത്ത് രാജ് മാസിക വരിസംഖ്യ അടവാക്കിയത് | 9840 | തുക കൈപ്പറ്റിയതിന്റെ വിവരം ഇല്ല |
| 16 | 21801292/ 20.03.2019 | വാർഡ് നമ്പർ 31 മണ്ണാരിൽ അംഗൻവാടി ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് KSEB കൊണ്ടോട്ടിയിൽ നിക്ഷേപിച്ച തുക | 31034 | തുക കൈപ്പറ്റിയ വിവരം, കണക്ഷൻ ലഭിച്ച വിവരം എന്നിവ ഇല്ല |
| 17 | 21801319/ 21.03.2019 | നഗരസഭയിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങിയതിന് റോയൽ ഫർണിച്ചർ പുളിക്കലിന് നൽകിയ തുക | 301500 | പ്രൊജക്ട് തയ്യാറാക്കാതെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. തുക കൈപ്പറ്റിയ വിവരം, ഫർണിച്ചർ ലഭ്യമായ വിവരം, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരം ഇല്ല |
| ആകെ | | | 2570242 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/27.10.2020) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2570242 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-21 കുടിവെള്ള പദ്ധതി - പ്രവർത്തനക്ഷമമായ വിവരം ലഭ്യമല്ല

തൻവർഷം നഗരസഭയിൽ താഴെ പരാമർശിക്കുന്ന വിവിധ പ്രൊജക്ടുകൾ കുടിവെള്ള പദ്ധതിക്കായി നടപ്പാക്കിയിട്ടുണ്ട്. മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ ഇവയുടെ പ്രവർത്തന വിവരവും നിലവിലെ സ്ഥിതിയും രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

| പ്രവൃത്തി | ചെലവ് | കുറിപ്പ് |
|---|---|---|
| ചിറയിൽ മൈത്രി കുടിവെള്ള പദ്ധതി പുരോഗമനം (243/19)<br>അടങ്കൽ - 500000 (തനത് ഫണ്ട്)<br>കരാറുകാരൻ-KS Security systems home automation | 454229<br>ചെക്ക് നം-837129/ 31.03.2019<br>വൗച്ചർ നം- 21801448 | പൈപ്പ് മാറ്റൽ, വാട്ടർ മീറ്റർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് നടത്തിയത്. കുടിവെള്ള പദ്ധതിക്ക് പുനരുദ്ധാരണം വേണം എന്ന് നിലവിലുള്ള ഗുണഭോക്തൃ കമ്മിറ്റി ആവശ്യപ്പെട്ടിട്ടില്ല.<br>പദ്ധതിയുടെ പ്രവർത്തന വിവരം, എത്ര വർഷമായി പ്രവർത്തിക്കുന്നു എന്ന വിവരം ഫയലിൽ ഇല്ല. |

| | | |
|---|---|---|
| എം ബുക്ക് - 183/18-19 | | പ്രവൃത്തി നടത്തിയ ശേഷം പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരം ലഭ്യമല്ല. |
| കോട്ടേംപറമ്പ് കുടിവെള്ള പദ്ധതി പുരോഗമനം (544/19)<br>അടങ്കൽ - 250000 ( തനത് ഫണ്ട്)<br>കൺവീനർ - ശ്രീ സതീഷ് എം<br>എം ബുക്ക് - 164/17-18 | 98557<br>ചെക്ക് നം-749967 / 31.10.2018<br>വൗച്ചർ നം- 21800738 | |
| കല്ലാരംകൊറ്റി എസ്.കോളനി കുടിവെള്ള പദ്ധതി (391/19)<br>അടങ്കൽ - 2000000 (SCP &Ownfund)<br>കരാറുകാരൻ- ശ്രീ നൗഫൽ പി.ടി<br>എം ബുക്ക് - 216/17-18,115/18-19, 203/17-18, 266/17-18 | 1619793<br>ചെക്ക് നം-6762415 /29.03.2019<br>വൗച്ചർ നം- 21801419<br>bill No 18151047002100118124/ 16.05.18 | പുതിയ കുടിവെള്ള പദ്ധതി നടപ്പാക്കുകയാണ് ചെയ്തത്. കുടിവെള്ള പദ്ധതി ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറിയതിന്റെ രേഖ ലഭ്യമല്ല.<br>പദ്ധതി പ്രവർത്തനക്ഷമമാണോ എന്ന വിവരം ലഭ്യമല്ല. |
| മൂച്ചിയംകുന്ന് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ (512/19)<br>അടങ്കൽ - 100000 (തനത് ഫണ്ട്)<br>കരാറുകാരൻ - ശ്രീ കെകെ അഹമ്മദ്<br>എം ബുക്ക് - 218/18-19<br>പാലക്കപ്പറമ്പ് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ (301/19)<br>അടങ്കൽ - 90000 (തനത് ഫണ്ട്) | 94263<br>[ചെക്ക് നം-7909 dt 30.03.2019<br>വൗച്ചർ നം- 21801428 ]<br>87112<br>[ചെക്ക് നം- 7908 dt 30.03.2019<br>വൗച്ചർ നം- 21801423] | കുടിവെള്ള പദ്ധതിക്ക് പുതിയ മോട്ടോർ സ്ഥാപിക്കണം എന്ന് നിലവിലുള്ള ഗുണഭോക്തൃ കമ്മിറ്റി ആവശ്യപ്പെട്ടിട്ടില്ല.<br>പദ്ധതിയുടെ പ്രവർത്തന വിവരം, എത്ര വർഷമായി പ്രവർത്തിക്കുന്നു എന്ന വിവരം ഫയലിൽ ഇല്ല.<br>മാറ്റിവയ്ക്കപ്പെട്ട പഴയ മോട്ടോർ നഗരസഭയിൽ തിരിച്ചേൽപ്പിച്ചതിന്റെയും അത് ഡിസ്പോസ് ചെയ്തതിന്റെയും വിവരങ്ങൾ ഫയലിൽ ഇല്ല. |

| | | |
|---|---|---|
| കരാറുകാരൻ- ശ്രീ മുഹമ്മദ് ശഫീഖ് K<br><br>എം ബുക്ക് - 198/18-19 | | |
| മണ്ണാരിൽ മൈലാടി കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ (513/19)<br><br>അടങ്കൽ - 100000(തനത് ഫണ്ട്)<br><br>കരാറുകാരൻ- WNJET MARKETING<br><br>എം ബുക്ക് - 2/18-19 | 89975<br><br>ചെക്ക് നം-7499665 dt 12.10.2018<br><br>വൗച്ചർ നം-21800634 | |
| പോക്കുന്നത്ത് കുടിവെള്ള പദ്ധതി പമ്പ് ഹൗസും മോട്ടോറും (248/19)<br><br>അടങ്കൽ - 100000 (തനത് ഫണ്ട്)<br><br>കരാറുകാരൻ- ശ്രീ VP അബ്ദുൽ നസീർ<br><br>എം ബുക്ക് - 165/18-19 | 96772<br><br>[ചെക്ക് നം-6762406 dt 28.03.2019<br><br>വൗച്ചർ നം-21801391] | |
| ആകെ | 2540701 | |

മേൽ പരാമർശിച്ച കുടിവെള്ള പദ്ധതികളുടെ കിണർ, ടാങ്ക് എന്നിവ സ്ഥാപിച്ച സ്ഥലത്തിന്റെ ഉടമസ്ഥാവകാശരേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ മോട്ടാർ സ്ഥാപിക്കൽ പ്രവ്യത്തി നടത്തിയ കുടിവെള്ള പദ്ധതികളുടെ പഴയ മോട്ടോർ എന്ത് ചെയ്തു എന്നതിന്റെ വിവരങ്ങളും ഫയലിൽ ഇല്ല.

ആസ്തികളുടെ ഉടമസ്ഥാവകാശ രേഖകളും പ്രൊജക്ട് പ്രവർത്തനക്ഷമമായതിന്റെ രേഖകളും മേൽ പരാമർശിച്ച മറ്റ് രേഖകളും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹ 2540701 തടസ്സം ചെയ്യുന്നു.

ഇക്കാര്യങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 21/ 27.10.2020) മറുപടി ലഭ്യമാക്കിയില്ല.

1-22 സ്കൂളുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ- സബ്സിഡി മാർഗ്ഗ രേഖ പാലിച്ചില്ല

പ്രോജക്ട് : 129/19 സ്കൂളുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ : ഹെൽത്ത് ഓഫീസർ

ചെലവ് : 82500/-( വികസന ഫണ്ട്)

ബിൽ നമ്പർ: 06/18-19/07.03.2019 (16500/-)

ബിൽ നമ്പർ: 11/18-19/21.03.2019 (66000/-)

മലപ്പുറം ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്ററുടെ 21.01.2019 ലെ 112/ഡിഎസ്എം/2019 നമ്പർ ഉത്തരവ് പ്രകാരം റിംഗ് കമ്പോസ്റ്റ് യൂണിറ്റ് കോസ്റ്റ് 2500/- രൂപയാണ്.

മേൽ പ്രോജക്ട് പ്രകാരം 33 യൂണിറ്റ് റിംഗ് കമ്പോസ്റ്റുകളാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ളത്. (2500*33=82500) ആയതിൽ 18 യൂണിറ്റുകൾ എയ്ഡഡ് സ്കൂളുകളിലാണ്.

സബ്സിഡി മാർഗ്ഗരേഖ ജി ഒ(എം എസ്) 22/2018 തിയ്യതി 16.02.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്രോജക്ടുകളുടെ 50% തുകയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് വഹിക്കാൻ അനുമതി നൽകിയിട്ടുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറാത്ത എയ്ഡഡ് സ്കൂളുകളിൽ റിംഗ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 50%, അതായത് 1250/- രൂപയാണ് ചെലവഴിക്കാനാവുക. എന്നാൽ മേൽ പദ്ധതി പ്രകാരം 100% തുകയും മേൽ സ്ഥാപനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിലധികരിച്ച് തുക നൽകാൻ ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/21.07.2020) ന് മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ സർക്കാർ ഉത്തരവ് ലഭ്യമാക്കുന്നതു വരെ എയ്ഡഡ് സ്കൂളുകൾക്ക് 50 % ത്തിലധികമായി ചെലവഴിച്ച തുക (18*1250=22500) തടസ്സം ചെയ്യുന്നു.

## 1-23 ചെലവ് രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ 48 പ്രോജക്ടുകളിൽ 18 പ്രോജക്ടുകളുടെ ചെലവ് രേഖകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഇനിയും ലഭിക്കാനുള്ള പ്രോജക്ടുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 3/19, ഐ.കെ.എം വിഹിതം, ടി.എ വേതനം | വികസന ഫണ്ട് | 1,68,300 |
| 2 | 9/19, മുനിസിപ്പാലിറ്റി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ | തനത് ഫണ്ട് | 4,27,454 |
| 3 | 36/19, നെടിയിരിപ്പ് കോളനി റോഡ് ജംഗ്ഷനിൽ സിസിടിവി സ്ഥാപിക്കൽ | -ടി- | 1,98,950 |
| 4 | 132/19, കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 35,20,000 |
| 5 | 366/19, നെടിയിരുപ്പ് പിഎച്ച്സിയിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരെ നിയമിച്ച് വേതനം നൽകൽ | തനത് ഫണ്ട് | 4,78,101 |
| 6 | 368/19, മുനിസിപ്പൽ കൗൺസിൽ ഹാളിലേക്കും ചേമ്പറുകളിലേക്കും ബിൽഡിംഗ് വിപുലീകരിക്കുന്ന ഭാഗത്തേക്കും ഫർണ്ണിച്ചർ വാങ്ങലും ശീതീകരണവും | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12,59,498 |
| 7 | 369/19, മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | -ടി- | 4,80,000 |
| 8 | 372/19, വിവാഹ ധനസഹായം (എസ്.സി.പി) | വികസന ഫണ്ട്(എസ്.സി.പി) | 1,50,000 |
| | | | |

| | | | |
|---|---|---|---|
| 9 | 374/19, എസ്.സി ഭവന നിർമ്മാണം - ബാക്കി ഗഡു നൽകൽ | -ടി- | 24,90,000 |
| 10 | 375/19, ചോയിബസാർ, വട്ടപ്പറമ്പ് എന്നിവിടങ്ങളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ | തനത് ഫണ്ട് | 1,10,000 |
| 11 | 376/19,മാലിന്യ നിർമ്മാർജ്ജനം -പ്ലാസ്റ്റിക്ക് കവർ ശേഖരണത്തിനാവശ്യമായ ഉപകരണം വാങ്ങൽ- വാർഡ്33 | -ടി- | 50,000 |
| 12 | 377/19, എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കൽ- വാർഡ് 33 | -ടി- | 1,00,000 |
| 13 | 378/19, ഭവന നിർമ്മാണം - പൂർത്തീകരിച്ച വീടുകൾക്ക് ബാക്കി നൽകൽ | -ടി- | 50,000 |
| 14 | 517/19, വീട് റിപ്പയർ (എസ്.സി.പി) | -ടി- | 75,000 |
| 15 | 518/19, വീട് റിപ്പയർ (ജനറൽ) | -ടി- | 45,000 |
| 16 | 572/19, കോട്ടപ്പറമ്പ്- കുന്നത്തും പൊറ്റ എസ്.സി കമ്മറ്റിക്ക് ശവമഞ്ചം വാങ്ങൽ | വികസന ഫണ്ട്(എസ്.സി.പി) | 36200 |
| 17 | 603/19, ചേപ്പിലിക്കുന്ന് ടാങ്കിലേക്കും ചെമ്മലപ്പറമ്പ് ടാങ്കിലേക്കും വെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്റ്റ്. | മറ്റുള്ളവ | 70,00,000 |
| 18 | 606/19, കേരള ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടക്കേണ്ട തുക | വികസന ഫണ്ട് | 19791 |
| | | | 1,66,58,294 |

മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്കായി ഹാജരാക്കാനാവശ്യപ്പെട്ട് 23-10-2020 – ന് നൽകിയ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 1,66,58,294 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-24 മരുന്ന് വാങ്ങുന്നതിന് മുൻകൂർ തുക നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രൊജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് തുക മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 19 /27.10.2020) യെ തുടർന്ന് ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം മേൽ പ്രൊജക്റ്റുകളിൽ ചുവടെ ചേർക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ / പേര് | ബിൽ നമ്പർ / തിയ്യതി | തുക | ലഭ്യമായ മരുന്നുകളുടെ തുക | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|---|
| 1 | 337/ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ | 13/20.03.2019 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1100000 | 1082160 | 17840 |

| | | | | | |
|---|---|---|---|---|---|
| 2 | 334/ പരിരക്ഷ മരുന്ന് വാങ്ങൽ | 12/20.03.2019<br>വികസന ഫണ്ട് പൊതു വിഭാഗം | 200000 | 137577 | 62423 |
| 3 | 340/ പാലിയേറ്റീവ് മരുന്ന് വാങ്ങൽ | 14/20.03.2019<br>വികസന ഫണ്ട് പൊതു വിഭാഗം | 200000 | 182153 | 17847 |
| | ആകെ | | 1500000 | 1401890 | 98110 |

ലഭ്യമാവാൻ അവശേഷിക്കുന്ന 98110 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്. ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക 98110 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 കോട്ടാശ്ശേരി കുടിവെള്ള പദ്ധതി - പ്രവർത്തനക്ഷമമായില്ല

എ) അധികം നൽകിയ 98280 രൂപ തിരിച്ചടച്ചു.

കോട്ടാശ്ശേരി കുടിവെള്ള പദ്ധതിയിൽ GI പൈപ്പ് സ്ഥാപിക്കുന്നതിന് അധികം നൽകിയ 98280 രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ചു.

2018-19 ൽ നടപ്പാക്കിയ പദ്ധതിയിൽ ഉറപ്പുള്ള പ്രതലത്തിൽ PVC പൈപ്പ് സ്ഥാപിക്കാനാകാത്തതിനാൽ ഭൗമോപരിതലത്തിലൂടെ GI പൈപ്പ് സ്ഥാപിച്ച പ്രവൃത്തിക്ക് GI പൈപ്പ് മണ്ണിനടിയിലൂടെ സ്ഥാപിക്കുന്നതിനുള്ള നിരക്ക് അനുവദിച്ച് നൽകിയത് മൂലമാണ് അധികം തുക നൽകാൻ ഇടയായത്.

അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.15/23-10-2020) നൽകിയതിനെ തുടർന്ന് 01/120020106069 നമ്പർ രസീത് പ്രകാരം 11-11-2020 ന് 98282 രൂപ നഗരസഭയിൽ തിരിച്ചടച്ചു. പണം ചെലവഴിച്ചത് എസ്.സി.പി. ഫണ്ട് ആയതിനാൽ ഈ തുക ROP ചലാൻ മുഖേന കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

ബി) കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല.

ഈ കുടിവെള്ള പദ്ധതിക്ക് വേണ്ടി തൻവർഷത്തിൽ ആകെ 1943773 രൂപ ചെലവഴിച്ചുവെങ്കിലും നാളിതുവരെ വെള്ളം നൽകിത്തുടങ്ങിയിട്ടില്ല.

വൈദ്യുതീകരണവും, മോട്ടോർസ്ഥാപിക്കലും, സപ്ലൈ പൈപ്പ് സ്ഥാപിക്കലും, ഭാഗികമായി വിതരണ പൈപ്പുകളും തൻവർഷം സ്ഥാപിച്ചുവെങ്കിലും തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കാതിരുന്നത് മൂലം പ്രൊജക്ടിന് വേണ്ടി നാളിതുവരെ ചെലവഴിച്ച പണം ഉപയോഗപ്പെടാതെ പാഴ്ചെലവായി മാറി.

പദ്ധതി നാളിതുവരെ പ്രവർത്തനക്ഷമമാക്കാത്തതിനാൽ പ്രൊജക്ടിനു ചെലവഴിച്ച 1943773 രൂപയിൽ തിരിച്ചടച്ച 98280 രൂപ കുറവ് ചെയ്ത് ബാക്കി ചെലവ് 1845493 രൂപ തടസ്സം ചെയ്യുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 21/ 27.10.2020) ന് മറുപടി ലഭ്യമാക്കിയില്ല.

## 1-26 സർക്കാർ നിർദ്ദേശം പാലിക്കാതെ കൺവീനർക്ക് അധികം പണം നൽകി

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ച തുകകൾ ഈടാക്കാതെ പണം നൽകിയത് മൂലം 19,980 രൂപ അധികം ചെലവായി.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ഈ ഇനത്തിൽ അനുവദിച്ച 5% തുകയും mord സ്പെസിഫിക്കേഷൻ ഉള്ള ടാറിംഗ് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ്വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അധികമായി നൽകിയ 2.5% തുകയും ഈടാക്കാത്തത് മൂലമാണ് മേൽ പരാമർശിച്ച നഷ്ടം സംഭവിച്ചത്.

| പ്രവൃത്തി | മൂല്യനിർണ്ണയ തുക | ഈടാക്കേണ്ട തുക |
|---|---|---|
| കൈതക്കോട് അംഗൻവാടി പാരയിൽ ഫുട്പാത്ത് ഇംപ്രൂവ്മെന്റ് (ടാറിംഗ് പ്രവൃത്തി) | 243023 | 16570 |
| തേവർകുളം പുനരുദ്ധാരണം (530/19) | 73308 | 3410 |
| ആകെ | | 19980 |

കൺവീനർക്ക് അധികമായി അനുവദിച്ച് നൽകിയ തുക 19980 രൂപ തിരിച്ചടക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് ഖ 3-1 കാണുക

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻക്വയറി നം 17/ 23.10.2020, 18/23-10-2020) മറുപടി ലഭ്യമാക്കിയില്ല.

### 1-27 എസ്.സി ഭവന വിപുലീകരണം - പ്രോജക്റ്റ് നിർദ്ദേശം മറികടന്നു- 1,20,000 രൂപ അധിക ധനഹായം നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 562/19, 'ഭവന വിപുലീകരണം (എസ്.സി.പി) വാർഡ്-34' –ന്റെ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് പ്രകാരം അർഹമായ ധനസഹായ തുകയായ 40,000 രൂപക്ക് പകരം 50,000 രൂപ വീതം നൽകിയതിലൂടെ 1,20,000 രൂപ അധികം നൽകുകയുണ്ടായി. വിശദ വിവരങ്ങൾ ഖണ്ഡിക 3-2 ൽ ചേർത്തിട്ടുണ്ട്.

ചെലവ് വിവരം താഴെ നൽകുന്നു.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 18151047001901480686/23-03-2019 | 4,00,000 |
| 18151047001901551858/28-03-2019 | 1,50,000 |
| 18151047001901557399/28-03-2019 | 50,000 |
| ആകെ | 6,00,000 |

<u>മറ്റ് അപാകതകൾ</u>

1- 29-03-2019 -ലെ 81/19 നമ്പർ ബിൽ പ്രകാരം 4,00,000 രൂപ പിൻവലിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ.അമാരൻ സത്യൻ, ശ്രീ.ദാസൻ ചെമ്പിലി, ശ്രീ.കാരിക്കുട്ടി, ശ്രീ.സത്യൻ അമാരൻ, ശ്രീ.ഷാജു അമാരൻ, ശ്രീ.ശ്രീധരൻ.എം, ശ്രീ.സുരേഷ് ചെമ്പിലി എന്നിങ്ങനെ 7 ഗുണഭോക്താക്കളുടെ പേരുകൾ ചേർത്ത് ആകെ തുക 3,50,000 (7 x 50,000) എന്നതിന് പകരം 4,00,000 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ട്രഷറി ബില്ലിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കാത്തതിനാൽ അവശേഷിക്കുന്ന 50,000 രൂപ ആർക്കാണ് നൽകിയതെന്ന് വ്യക്തമല്ല.

എന്നാൽ മറുപടിയിൽ ശ്രീ.കാരിക്കുട്ടി, ശ്രീ.സത്യൻ അമാരൻ, ശ്രീ.ദാസൻ, ശ്രീ.ചെറിയ ചാത്തൻ, ശ്രീ.ഉണ്ണി.സി, ശ്രീമതി.ദീപ.കെ.പി, ശ്രീ.ശ്രീധരൻ.എം, ശ്രീ.സുരേഷ് ചെമ്പിലി എന്നീ 8 ഗുണഭേക്താക്കൾക്കാണ് തുക നൽകിയതെന്നും ബില്ലുകളുടെ പകർപ്പുകൾ ഇതോടൊന്നിച്ച് ഹാജരാക്കുന്നുവെന്നും കാണിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല, ഓഡിറ്റിനായി ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീ.ചെറിയ ചാത്തൻ, ശ്രീമതി.ദീപ.കെ.പി എന്നിവരുടെ പേരുകളില്ല.

2- നോട്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം 82/18-19/29-03-2019 നമ്പറായി പിൻവലിച്ച 1,50,000 രൂപ ശ്രീ.സത്യൻ.എ, ശ്രീ.ശ്രീധരൻ.എ, ശ്രീമതി. വസന്ത ചുള്ളിയൻ എന്നീ 3 ഗുണഭോക്താക്കൾക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ശ്രീമതി. വസന്ത ചുള്ളിയൻ എന്നവരുടെ അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല.

3- നോട്ട് ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം 83/18-19/29-03-2019 നമ്പറായി പിൻവലിച്ച 50,000 രൂപ ശ്രീമതി. വല്ല്യക്കി എന്ന ഗുണഭോക്താവിനാണ് നൽകിയിട്ടുള്ളത്. എന്നാൽ അങ്ങനെയൊരു ഗുണഭോക്താവിന്റെ പേര് ഓഡിറ്റിനായി ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിലില്ല.

ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടിയാരി ശ്രീ.അമാരൻ ചെള്ളി എന്നവരുടെ വിധവയാണെന്നും പ്രോജക്റ്റിൽ തുക അനുവദിച്ച് തുടങ്ങിയപ്പോഴേക്കും ടിയാൻ മരണപ്പെട്ടതിനാലാണ് ഭാര്യക്ക് തുക അനുവദിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഭരണസമിതി തീരുമാനമെടുത്തതിന്റെ മിനുട്സിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല.

4- 14-02-2018-ലെ ജി.ഒ.(എം.എസ്) 22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്ന കാര്യത്തിൽ ഗുണഭോക്താവ് തയ്യാറാക്കിയ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്തു കാണുന്നില്ല.

മറുപടിയിൽ എസ്റ്റിമേറ്റ് സാക്ഷ്യപ്പെടുത്തി ഹാജരാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനസഹായം നൽകുന്നതിന് മുമ്പാണ് എസ്റ്റിമേറ്റ് സാക്ഷ്യപ്പെടുത്തേണ്ടതെന്നതിനാൽ മറുപടി തൃപ്തികരമല്ല.

5- എസ്റ്റിമേറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് അവർ എസ്റ്റിമേറ്റിൽ കാണിച്ചതിനെക്കാളും തുക നൽകിയിട്ടുമുണ്ട്. ഉദാഹരണത്തിന്, ശ്രീ.സത്യൻ അമാരൻ എന്ന ഗുണഭോക്താവ് സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം 46,000 രൂപയാണ് പ്രതീക്ഷിത ചെലവ്. എന്നാൽ വാല്യുവേഷൻ നടത്താതെ 50,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്.

ഗുണഭോക്താക്കൾ ബില്ല് ഹാജരാക്കിയതിൽ വന്ന പാകപ്പിഴവാണെന്നും ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മറുപടി തൃപ്തികരമല്ല.

6- ഓഡിറ്റിനായി ഹാജരാക്കിയ കരാറുടമ്പടി മുദ്രപത്രങ്ങളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

കരാർ ഉടമ്പടി മുദ്രപത്രത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ഫയലിൽ ചേർത്തിട്ടുള്ളതാണെന്ന മറുപടി വസ്തുതാവിരുദ്ധമാണ്. മറ്റ് ഭവന റിപ്പയർ പ്രവൃത്തികളുടെ ഫയലിൽ കാണപ്പെട്ട മുദ്രപത്രങ്ങളുടെ അവസ്ഥയും ഇത് തന്നെയാണ്.

7- 2018-19 വർഷത്തിൽ എസ്.സി വിഭാഗത്തിന് വീട് റിപ്പയർ ധനസഹായമായി നിശ്ചയിച്ചിരുന്നത് 50,000 രൂപയാണെന്ന സെക്രട്ടറിയുടെ മറുപടി വസ്തുതാവിരുദ്ധമാണ്. ഉദാഹരണത്തിന്, വീട് റിപ്പയർ, വാർഡ്-24 (പ്രോജക്റ്റ് നമ്പർ -42/19) -ൽ ധനസഹായമായി നിശ്ചയിച്ചിരിക്കുന്നത് 30,000 രൂപ വീതമാണ്.

8- 02-02-18 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 17/18/ത.സ്വ.ഭ.വ, പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11-3(13) -ൽ മുൻഗണനാലിസ്റ്റ് പ്രകാരം ഒരു വാർഡിലെ അർഹരായ അപേക്ഷകരുടെ എണ്ണത്തെ എല്ലാ വാർഡുകളിലെയും അർഹരായ അപേക്ഷകരുടെ എണ്ണം കൊണ്ട് ഭാഗിച്ചാൽ കിട്ടുന്ന സംഖ്യയെ തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിച്ചാൽ ആ വാർഡിൽ ആനുകൂല്യം നൽകാവുന്ന ഗുണഭേക്താക്കളുടെ എണ്ണം കിട്ടുമെന്നും അങ്ങനെയാണ് ഓരോ വാർഡിലെയും ഗുണഭേക്താക്കളെ കണക്കാക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റിയെ മൊത്തത്തിൽ ഒരു യൂണിറ്റായി കണക്കാക്കി പ്രോജക്റ്റ് വെച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാതെ ഒരേ ഇനം പ്രോജക്റ്റിന് ഓരോ വാർഡിലേക്കും വെവ്വേറെ പ്രോജക്റ്റുകൾ തയ്യാറാക്കുന്ന പ്രവണത കണ്ട് വരുന്നു.

ഉദാഹരണം:- 42/19- ാം നമ്പർ പ്രോജക്റ്റ് 24 -ാം വാർഡിലേക്ക് മാത്രവും 562/19 - ാം നമ്പർ പ്രോജക്റ്റ് 34 -ാം വാർഡിലേക്ക് മാത്രവുമാണ്.

9- 14-02-2018-ലെ ജി.ഒ.(എം.എസ്) 22/2018/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുക, വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുക എന്നീ 2 ഇനങ്ങൾക്കാണ് വീട് റിപ്പയർ എന്ന ഇനത്തിൽ ധന സഹായം നൽകാനാവുക. മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുമ്പോൾ വാല്യുവേഷൻ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടില്ലെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത് പോലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുക എന്ന പ്രവൃത്തിക്ക് എഞ്ചിനീയർ വാല്യുവേഷൻ നടത്തിയിട്ടാണ് ധനസഹായ തുക തീരുമാനിക്കേണ്ടത്. എന്നാൽ പ്രോജക്റ്റിന്റെ പേര് ഭവന വിപുലീകരണം എന്നായതിനാൽ ഈ രണ്ട് ഇനത്തിലും പെടുന്നില്ല. എഞ്ചിനീയറുടെ വാല്യുവേഷൻ ഫയലിലില്ല.

ആയതിനാൽ മേൽ അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകുന്നത് വരെ 1.20.000 രൂപ കിഴിച്ചുള്ള തുക 4,80,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-28 ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച കുടുക്കിൽ കുടിവെള്ള പദ്ധതിക്ക് (283/19) വേണ്ടി ₹ 2150000 കേരള വാട്ടർ അതോറിറ്റിയിൽ (PH Division മലപ്പുറം) ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (1000000 ( tsry ref No 2018191510B0000337001 dt 26.03.2019, 1150000 (bill no 181510000000017037 Dt 13.03.2019)

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ പ്രൊജക്ട് നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമല്ല.

2) പ്രവൃത്തിക്ക് വേണ്ടി പണം മുൻകൂറായി നൽകുന്നതിന് മുമ്പ് വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചിട്ടില്ല.

3) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച യാതൊരു വിവരവും ലഭ്യമല്ല.

4) പ്രവൃത്തിയുടെ പൂർത്തീകരണ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ചെലവ് സംബന്ധിച്ച മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹ 2150000 തടസ്സം ചെയ്യുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 14/ 23.10.2020) ന് മറുപടി ലഭ്യമാക്കിയില്ല.

## 1-29 പി.ഡബ്ല്യു.ഡി മാന്വൽ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

നഗരസഭകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റു വിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ നഗരസഭയിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

<u>പ്രവൃത്തി പൂർത്തീകരണ കാലയളവ്</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005)

എന്നാൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. വളരെ കുറഞ്ഞ സമയത്തിനകം പൂർത്തീകരിക്കാവുന്ന റോഡ് ടാറിംഗ്, കോൺക്രീറ്റ് പ്രവൃത്തികൾക്ക് പോലും 6 മാസം പൂർത്തീകരണകാലാവധി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഏതാനും പ്രവൃത്തികളിൽ 9 മാസവും അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>കാലാവധി നീട്ടലും (Extension of Time) പിഴയും</u>

പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി നീട്ടാനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ്

എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിച്ചാൽ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ്സ് പീരീഡ് ആയി അനുവദിക്കാവുന്നതാണ്.

കരാറുകാരൻെറ പിഴവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടേണ്ടി വരുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ നീട്ടി നൽകാവുന്നതാണ്. തുടർന്നും കാലാവധി നീട്ടേണ്ടിവരുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവൃത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം)

എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല നഗരസഭ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

<u>പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.</u>

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരുമായി കരാർ ചമക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-30 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം

I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല- നഗരസഭക്ക് ഫണ്ട് നഷ്ടപ്പെടുന്നു.

2018-19 വർഷത്തിൽ നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 352 പ്രൊജക്റ്റുകൾ തയ്യാറാക്കിയെങ്കിലും 210 പ്രൊജക്റ്റുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 60% പ്രൊജക്റ്റുകളാണ് തൻവർഷം നടപ്പാക്കിയത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 352 | ആകെ അടങ്കൽ | 103804379 |
| നടപ്പിലാക്കിയത് | 210 | ചെലവ് | 54480812 |
| ശതമാനം | 60% | ചെലവ് ശതമാനം | 52% |

ആകെ 93 പ്രൊജക്റ്റുകൾ സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം നേടിയെങ്കിലും ഇതിൽ 60 പ്രൊജക്റ്റുകൾ മാത്രമെ നടപ്പാക്കാനായുള്ളൂ.

നഗരസഭയിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 6 ഓവർസിയർമാരും ക്ലർക്കും ഉൾപ്പെടെ ആകെ 8 ജീവനക്കാർ ഉണ്ട്. അംഗീകരിക്കപ്പെടുന്ന പദ്ധതികൾ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

II.റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കേണ്ടതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രൊജക്റ്റിനൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന

പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്റ്റുകൾ തയ്യാറാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

III).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. നഗരസഭ കൗൺസിലും സാങ്കേതിക മേൽനോട്ടം വഹിക്കുന്ന അസി.എഞ്ചിനീയറും നിർദ്ദേശം പരിശോധിച്ച് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2018-19 വർഷത്തിൽ നഗരസഭയിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം പ്രവൃത്തിയിലും പ്രവൃത്തി നടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

V) പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-31 ഭിന്ന ശേഷിക്കാർക്ക് മുച്ചക്ര വാഹനം വാങ്ങിനൽകൽ - വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രൊജക്റ്റ് നമ്പർ : 349/19

അടങ്കൽ : 900000.00 (തനത്)

ചെലവ് : 333900.00 ചെക്ക് നം.2124678/15.3.19

215600.00 ചെക്ക് നം.2124679/15.3.19

314000.00 ചെക്ക് നം.0649816/25.3.19

863500.00

നിർവ്വഹണം : ICDS സൂപ്പർവൈസർ

പ്രൊജക്റ്റ് പ്രകാരം കെൽട്രോണിൽ നിന്നും ഒരു യൂണിറ്റിന് 78500/- രൂപ നിരക്കിൽ 11 മുച്ചക്ര മോട്ടാർ സൈക്കിളുകൾ വാങ്ങി ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ അബ്ദുൽ അസീസ് കൊടക്കാട്, റാബിയ കോയച്ചാലിൽ എന്നീ ഗുണഭോക്താക്കളുടെ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.09/23.10.2020) ലഭ്യമാക്കിയ 27.10.2020 തീയ്യതിയിലെ മറുപടിയിൽ രജിസ്ട്രേഷന് വേണ്ട എല്ലാ നടപടികളും പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ രജിസ്ട്രേഷൻ ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്ന് ICDS സൂപ്പർവൈസർ വ്യക്തമാക്കിയിട്ടുണ്ട്. അപാകതയുടെ വെളിച്ചത്തിൽ മേൽ ഗുണഭോക്താക്കൾക്ക് മോട്ടാർ സൈക്കിളുകൾ വാങ്ങി നൽകുന്നതിന് ചെലവഴിച്ച തുക 157000.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-32 അംഗനവാടികളിലേക്ക് ന്യൂട്രിമിക്സ് വാങ്ങിയത് - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടിഡിഎസ് പിടിച്ചിട്ടില്ല.

അംഗനവാടി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം എന്ന പദ്ധതിക്ക് കീഴിൽ (പ്രൊജക്ട് നമ്പർ 175/19, 252/19 എന്നിവ) പ്രശാന്തി ന്യൂട്രിമിക്സ്, പി.ഒ. പള്ളിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും അംഗനവാടികളിലേക്കാവശ്യമായ ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് 01.10.2018 മുതൽ അനുവദിച്ച ബില്ലുകളിൽ നിന്നും 2% ജി.എസ്.ടി ടി.ഡി.എസ് പിടിച്ചിട്ടില്ല. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (റവന്യൂ വകുപ്പ്) 13.09.2018 ലെ 50/2018 കേന്ദ്ര നികുതി വിജ്ഞാപനം അനുസരിച്ച് 01.10.2018 മുതൽ ജി.എസ്.ടി ഒഴികെയുള്ള ബിൽ തുക 2.5 ലക്ഷം രൂപയിൽ അധികരിച്ചാൽ, ബിൽ തുകയുടെ 2% ടി.ഡി.എസ് ഇനത്തിൽ പിടിച്ച് അടവാക്കണം. ഈ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/23.10.2020) ICDS സൂപ്പർവൈസർ ലഭ്യമാക്കിയ 27.10.2020 തീയ്യതിയിലെ മറുപടിയിൽ അറിവില്ലാത്തത് മൂലമാണ് അപാകത സംഭവിച്ചതെന്നും, എൻക്വയറി ലഭിച്ച ശേഷം നൽകിയ ബില്ലിൽ നിന്നും ടി.ഡി.എസ് പിടിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ അപാകത ആവർത്തിക്കാതെ സൂക്ഷിക്കേണ്ടതാണ്.

### 1-33 ബഡ്സ് സ്കൂൾ നടത്തിപ്പും - പഠന യാത്രയും - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നമ്പർ : 245/19

അടങ്കൽ : 416739.00 (പ്ലാൻ ഫണ്ട് ജനറൽ)

1983261.00 (തനത്)

2400000.00

ചെലവ് : 322229.00 ബിൽ നം,4/17.8.18

93000.00 ബിൽ നം,21/16.3.19

53750.00 ചെക്ക് നം.0649880/25-03-2019

468979.00

നിർവ്വഹണം : ICDS സൂപ്പർവൈസർ

ബഡ്സ് സ്കൂളിന്റെ നടത്തിപ്പിനും പഠന യാത്ര സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് പ്രൊജക്ട് ആവിഷ്കരിച്ച് നിർവ്വഹിച്ചിട്ടുള്ളത്.

4/17.8.18 നമ്പർ ബില്ല് പ്രകാരം 4/18, 5/18, 6/18, എന്നീ മാസങ്ങളിലെയും 21/16.3.19 നമ്പർ ബില്ല് പ്രകാരം 2/19 മാസത്തിലെയും വേതനം ബഡ്സ് സ്കൂളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന മാസങ്ങളിൽ ജീവനക്കാർക്ക് വേതനം നൽകിയതായി കണ്ടില്ല. ഇതിന് വേണ്ടി വകയിരുത്തിയ തനത് ഫണ്ടിൽ നിന്നും തുക ഒന്നും തന്നെ ചെലവ് ചെയ്തിട്ടില്ല. ആയതിനാൽ ജീവനക്കാർക്ക് തൻവർഷത്തിലെ അവശേഷിക്കുന്ന മാസങ്ങളിലെ വേതനം നൽകിയത് എപ്രകാരമാണെന്ന് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/23.10.2020) ICDS സൂപ്പർവൈസർ ലഭ്യമാക്കിയ 27.10.2020 തീയ്യതിയിലെ മറുപടിയിൽ അവശേഷിച്ച മാസങ്ങളിലെ വേതനം സെക്രട്ടറി നേരിട്ട് നൽകുകയാണ് ചെയ്തത് എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല പ്രോജക്ട് പ്രകാരമല്ലാതെ എങ്ങനെയാണ് സെക്രട്ടറി തുക ചെലവ് ചെയ്തത് എന്നത് സംബന്ധിച്ച് മറുപടിയിൽ ഒന്നും പറഞ്ഞിട്ടില്ല. ഈ വിഷയത്തിൽ തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-34 എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

(1) പ്രൊജക്ട് നം : 356/19 എസ്.സി. വിദ്യാർത്ഥികൾക്ക് (ആൺകുട്ടികൾ) ലാപ്ടോപ്പ്

അടങ്കൽ : 1080000/-, വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 474984.00 ബിൽ നമ്പർ - 10/11.03.2019

105552.00 ബിൽ നമ്പർ - 11/16.03.2019

580536.00

ഈ പ്രൊജക്ട് പ്രകാരം ഇ ടെണ്ടർ മുഖേന ആംസ്റ്റർ മിംസ് കോർപറേഷൻ കൊണ്ടോട്ടി എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റ് ഒന്നിന് 26388.00 രൂപ നിരക്കിൽ 22 ലാപ്ടോപുകൾ വാങ്ങി (ഇൻവോയ്സ് നം.AM0067/8.2.2019 474984.00 രൂപ, നം.AM0075/18.2.2019 105552.00 രൂപ) അർഹരായ എസ്.സി വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്ക് നൽകിയിട്ടുണ്ട്.

(2) പ്രൊജക്ട് നം : 354/19 എസ്.സി. വിദ്യാർത്ഥികൾക്ക് (പെൺകുട്ടികൾ) ലാപ്ടോപ്പ്

അടങ്കൽ : 2340000/-, വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 474984.00 ബിൽ നമ്പർ - 9/15.03.2019

79164.00 ബിൽ നമ്പർ - 14/16.03.2019

554148.00

പ്രൊജക്ട് പ്രകാരം ഇ ടെണ്ടർ മുഖേന ആംസ്റ്റർ മിംസ് കോർപറേഷൻ കൊണ്ടോട്ടി എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റ് ഒന്നിന് 26388.00 രൂപ നിരക്കൽ 21 ലാപ്ടോപുകൾ വാങ്ങി (ഇൻവോയ്സ് നം.AM0066/8.2.2019 474984.00 രൂപ, നം.AM0074/18.2.2019 79164.00 രൂപ)അർഹരായ എസ്.സി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകിയിട്ടുണ്ട്.

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ടുകളിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. പ്രൊജക്ട് നിർവ്വഹണത്തിനായി ലഭിച്ച ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനക്ക് വിധേയമാക്കുകയോ, ശുപാർശ വാങ്ങുകയോ ചെയ്തിട്ടില്ല. ഇത് ക്രമപ്രകാരമല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടറുകൾ പരിശോധിച്ചശേഷം, ശുപാർശ ഭരണ സമിതിക്ക് സമർപ്പിക്കുകയും, യഥാക്രമം തീരുമാനം നമ്പർ 14/18-02-19, 2/18.2.2019 പ്രകാരം ഭരണ സമിതി ആയത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

2. ഒന്നാമത്തെ പ്രൊജക്ടിൽ ആംസ്റ്റർ മിംസ് കോർപറേഷൻ കൊണ്ടോട്ടിയുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചട്ടപ്രകാരം കരാർ ഉടമ്പടി ഒപ്പു വച്ചിട്ടില്ല. 16550.00 രൂപ നിരതദ്രവ്യമിനത്തിൽ ആംസ്റ്റർ മിംസ് കോർപറേഷൻ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും 5% നിരക്കിൽ പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല.

രണ്ടാമത്തെ പ്രൊജക്ടിൽ 12750.00 രൂപ നിരതദ്രവ്യമിനത്തിൽ ആംസ്റ്റർ മിംസ് കോർപറേഷൻ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും 5% നിരക്കിൽ പെർഫോർമൻസ് സെക്യൂരിറ്റി ഈടാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥാപനവുമായി കരാർ ഉടമ്പടി ഒപ്പു വച്ചിട്ടുണ്ട്. എന്നാൽ ഉടമ്പടിയിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

3. ബിൽ തുകയിൽ നിന്നും 2% നിരക്കിൽ GST TDS ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ (1) അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ക്രമ നമ്പർ (2), (3) അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-35 എസ്.സി. വിദ്യാർത്ഥികൾക്ക് (പെൺകുട്ടികൾ) ലാപ്ടോപ്പ് - സ്പിൽ ഓവർ പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട് നം. എസ്.ഒ. 504/19

അടങ്കൽ : 1600000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : 1484000.00 ബിൽ നമ്പർ 4/12-10-2018

നിർവ്വഹണം : ഹെഡ്മാസ്റ്റർ

സ്പിൽ ഓവർ ആയി നടപ്പാക്കിയ ഈ പ്രൊജക്ട് പ്രകാരം ഇ ടെണ്ടർ മുഖേന പവർ CMS ടെക്നോളജി തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റ് ഒന്നിന് 28,000.00 രൂപ നിരക്കിൽ 53 ലാപ്ടോപ്പുകൾ വാങ്ങി (ഇൻവോയ്സ് നം. SALE/18-19/0100/18-092018 – 1484000 രൂപ) അർഹരായ എസ്.സി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. പ്രൊജക്ട് നിർവ്വഹണത്തിനായി ലഭിച്ച ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിഗണനക്ക് വിധേയമാക്കുകയോ ശുപാർശ വാങ്ങുകയോ ചെയ്തിട്ടില്ല. ഇത് ക്രമപ്രകാരമല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ടെണ്ടറുകൾ പരിശോധിച്ച ശേഷമം ശുപാർശ ഭരണ സമിതിക്ക് സമർപ്പിക്കുകയും ഭരണ സമിതി തീരുമാനം നമ്പർ 6/06-09-2018 പ്രകാരം ആയത് അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

2. 2018-19 വർഷത്തേക്ക് ബാധകമായ 14-02-2018 ലെ സ.ഉ (എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ്/കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര/ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം ലാപ്ടോപ്പ് കൈപ്പറ്റിയ താഴെ പറയുന്ന രണ്ട് വിദ്യാർത്ഥികൾക്ക് നിർദ്ദിഷ്ട യോഗ്യതയില്ല.

| ക്രമ നമ്പർ | പേര് | കോഴ്സിന്റെ വിവരം |
|---|---|---|
| 1 | വർഷ.ടി<br>d/o വാസുദേവൻ,<br>തേങ്കോടൻ | മലപ്പുറം ഗവ. ഐ.ടി.ഐ. യിൽ ട്രയിനിയാണ്. |
| 2 | അശ്വതി ബംഗ്ലാൻ<br>d/o സുന്ദരൻ | ഗവ. ഐ.ടി.ഐ. (SCCD) പാണ്ടിക്കാട്ട്<br>സിവിൽ ട്രേഡിൽ ട്രയിനിയാണ്. |

സർക്കാരിൽ നിന്നും അനുമതി ഉത്തരവ് ലഭ്യമാക്കുംവരെ മേൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച തുക 56,000.00 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 സർക്കാർ നിർദ്ദേശം പാലിക്കാതെ കൺവീനർക്ക് അധികം പണം നൽകി

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിക്കപ്പെട്ട തുക പൂർണ്ണമായി ഈടാക്കാതെ കൺവീനർക്ക് പണം നൽകിയത് മൂലം 19980 രൂപ അധികം ചെലവഴിച്ചു.

VAT അടക്കേണ്ടതില്ലാത്തതിനാൽ ഓവർഹെഡ് ചാർജിൽ വാറ്റ് അടക്കുന്നതിന് വകയിരുത്തിയ 5% തുകയും Mord Specification പ്രവൃത്തികളിൽ ഓവർഹെഡ് ചാർജിൽ അധികമായി അനുവദിച്ച 2.5%വുമാണ് ഫൈനൽ ബില്ലിൽ നിന്ന് ഈടാക്കേണ്ടിയിരുന്നത്. ഈ തുകകൾ ഈടാക്കാത്തതുമൂലമാണ് അധികച്ചെലവ് വന്നത്.

വിശദ വിവരം താഴെ നൽകുന്നു.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നാണ് ഇതു സംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. ലഭേച്ഛയില്ലാതെ പ്രവർത്തിക്കേണ്ട ഗുണഭോക്തൃസമിതികൾക്ക് നികുതി വിഹിതം അടക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക നികുതി അടവാക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കൺവീനർക്ക് അനുവദിക്കേണ്ടതില്ല

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് 7.5 % ആയി സർക്കാർ നിജപ്പെടുത്തിയതാണ്. എന്നാൽ mord സ്പെസിഫിക്കേഷൻ ഉള്ള പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓവർഹെഡ് ചാർജ്ജ് 10% ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ഇത്തരത്തിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കപ്പെട്ടതും കൺവീനർമാർ മുഖേന നടപ്പാക്കിയതുമായ പ്രവൃത്തികളിൽ ഫൈനൽ ബില്ല് നൽകുമ്പോൾ അധികമായി അനുവദിക്കപ്പെട്ട 2.5% തുക തിരിച്ചുപിടിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 29.12.2016 ലെ ഡി.ബി3/6512(ബി)/13/സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ നിർദേശിച്ചതാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്ന് ഇത്തരത്തിൽ അധികമായി നൽകിയ ഓവർഹെഡ് ചാർജ്ജ് തുക തിരിച്ചു പിടിച്ചിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ താഴെപറയുന്ന പ്രവൃത്തികളിൽ കൺവീനറിൽ നിന്ന് ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ ഈടാക്കിയിട്ടുള്ളൂ. ബാക്കി മുഴുവൻ തുകയും കൺവീനർക്ക് അനുവദിച്ച് നൽകുകയാണ് ചെയ്തിട്ടുള്ളത്.

| പ്രവൃത്തി | മൂല്യ നിർണ്ണയ തുക | അധികമായി നൽകിയ തുക | കുറിപ്പ് |
|---|---|---|---|
| കൈതക്കോട് അംഗൻവാടി പാരയിൽ ഫുട്പാത്ത് ഇംപ്രൂവ്മെന്റ് (548/19) (ടാറിംഗ് പ്രവൃത്തി)<br><br>കൺവീനർ -ശ്രീ PV ചോയിക്കുട്ടി | 243023 | 16570<br><br>[(243023/110)x7.5% ]<br>(ഈ പ്രവൃത്തിക്ക് 10% ഓവർഹെഡ് ചാർജ്ജ് നൽകിയിട്ടുണ്ട്.) | എം ബുക്ക് - 128/17-18<br><br>ചെക്ക് നമ്പർ - 7499668 തി. 29.10.2018 ₹ 235733<br><br>(21800684/29.10.18)<br><br>4860 (IT)<br><br>2430(CWWF)<br>വാറ്റ് ഇനത്തിൽ 5%വും, എസ്റ്റിമേറ്റിൽ 10% |

| | | | |
|---|---|---|---|
| കരാർ -70/AE/LSGD/KDY//17-18 തി. 21.11.2017<br>ഫണ്ട് – തനത് ഫണ്ട് | | | ഓവർഹെഡ് ചാർജ് തെറ്റായി നൽകിയത് മൂലം ഈടാക്കേണ്ട 2.5%വും ഉൾപ്പെടെ അധികമായി നൽകിയ 7.5% തുക ആണ് അധികം നൽകിയത്. |
| തേവർകുളം പുനരുദ്ധാരണം (530/19)<br>കൺവീനർ -ശ്രീ TP സിദ്ദീഖ്.<br>കരാർ -5/AE/LSGD/KDY//17-18 തി. 07.08.2017<br>ഫണ്ട് – വികസന ഫണ്ട് ജനറൽ | 73308 | 3410<br>[(243023/107.5)x5]<br>(ഈ പ്രവൃത്തിക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകിയിട്ടുണ്ട്.) | എം ബുക്ക് - 70/17-18<br>ബിൽ നമ്പർ - 181510470021 Dt. 14.08.18<br>₹ 73308<br>733 (IT)<br>733(CWWF)<br>(VAT ഇനത്തിൽ ഈടാക്കേണ്ട 5% തുകയാണ് തിരിച്ചടക്കേണ്ടത്.) |

കൺവീനർക്ക് അധികമായി അനുവദിച്ച് നൽകിയ തുക 19980 രൂപ ആവശ്യമായ കുറവുകൾ വരുത്താതെ കൺവീനർക്ക് പണം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (എൻക്വയറി നം 17/23.10.2020, 18/23-10-20 ) മറുപടി ലഭ്യമാക്കിയില്ല.

### 3-2 എസ്.സി ഭവന വിപുലീകരണം - പ്രോജക്റ്റ് നിർദ്ദേശം മറികടന്നു- 1,20,000 രൂപ അധിക ധനഹായം നൽകി

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 562/19, 'ഭവന വിപുലീകരണം (എസ്.സി.പി) വാർഡ്-34' –ന്റെ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് പ്രകാരം അർഹമായ ധനസഹായ തുക 40,000 രൂപക്ക് പകരം 50,000 രൂപ വീതം നൽകിയതിലൂടെ 1,20,000 രൂപ അധികം നൽകുകയുണ്ടായി.

വികസന ഫണ്ട് എസ്.സി.പി യിൽ നിന്നും 6 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ മേൽ പ്രോജക്റ്റിൽ പ്രസ്തുത വാർഡിലെ 15 എസ്.സി ഗുണഭോക്താക്കൾക്ക് 40,000 രൂപ വീതം ആകെ 6,00,000 രൂപ ഭവന വിപുലീകരണത്തിനായി ധനസഹായം നൽകുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പ്രോജക്റ്റിനായി വകയിരുത്തിയ മുഴുവൻ തുകയും താഴെ പറയും വിധം ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ/തീയതി | തുക |
|---|---|
| 18151047001901480686/23-03-2019 | 4,00,000 |
| 18151047001901551858/28-03-2019 | 1,50,000 |
| 18151047001901557399/28-03-2019 | 50,000 |
| ആകെ | 6,00,000 |

എന്നാൽ നിർവ്വഹണ വേളയിൽ നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ച കാരണം ഓരോ ഗുണഭോക്താക്കൾക്കും 10,000 രൂപ വീതം അധികം നൽകിയതിലൂടെ 12 ഗുണഭോക്താക്കൾക്കേ ധനസഹായം നൽകാൻ സാധിച്ചുള്ളൂ.

പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് 21-10-2020നൽകിയ 7 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 23-10-2020 -ന് മറുപടി ലഭിക്കുകയുണ്ടായി. 2018-19 വർഷത്തിൽ എസ്.സി വിഭാഗത്തിന് വീട് റിപ്പയർ ധനസഹായമായി നിശ്ചയിച്ചിരുന്നത് 50,000 രൂപയായിരുന്നെന്നും

ഈ പ്രോജക്ടിലും അതേ നിരക്കിൽ ആനുകൂല്യം നൽകുകയാണുണ്ടായതെന്നും അധികമായി നൽകിയ തുക 1,20,000രൂപ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അവസാനിച്ച 27-10-2020 വരെയും അനർഹമായി നൽകിയ തുക തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ 1,20,000രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി/ | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാർഡ് 8 ലെ വട്ടപ്പറമ്പിൽ നിന്ന് തുടങ്ങി ചേപ്പിലിക്കുന്ന് ടാങ്കിലേക്കുള്ള പൈപ്പ് പുനസ്ഥാപിക്കൽ | 18151047001900137904 / 21.05.2018 | 1000000 | 100000 | പൂർത്തീകരിച്ചു |
| | വാർഡ് 17 നൊട്ടണംപാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 18151047001900145878 / 21.03.2019 | 420000 | 420000 | പൂർത്തീകരിച്ചു |
| | വാർഡ് 4 കൊള്ളാം കുന്ന് പള്ള്യാളി പൈപ്പ് ലൈൻ നീട്ടൽ | 18151047001900137909 / 21.05.2018 | 420000 | 420000 | പൂർത്തീകരിച്ചു |
| | വാർഡ് 31 മക്കാട് മണ്ണാരിൽ കുന്നത്ത്പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 181510470019014587 89/ 21.03.2019 | 300000 | 300000 | പൂർത്തീകരിച്ചു |
| | കുറുപ്പത്ത്പറമ്പ് ചാളകണ്ടി പള്ളിപ്പുറം പൈപ്പ് ലൈൻ നീട്ടൽ | 18151047001901458790/ 21.03.2019 | 400000 | 400000 | പൂർത്തീകരിച്ചു |
| | ചെനക്കപ്പറമ്പ് മൊടാംതൊടി ഭാഗം പൈപ്പ് ലൈൻ നീട്ടൽ | 1815104700191223054/ 19.02.2019 | 700000 | 700000 | പൂർത്തീകരിച്ചു |
| | വാർഡ് 12 കാളോത്ത് കൊടിക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ | 18151047001901145824/ 30.01.2019 | 280000 | 280000 | പൂർത്തീകരിച്ചു |
| | കുടുക്കിൽ കുടിവെള്ള പദ്ധതി | ലഭ്യമല്ല | 2150000 | 2150000 | പൂർത്തീകരിച്ചു |
| | ചീക്കോട് കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ വാർഡ് 13 | 18151047001901473312/ 22.03.2019 | 450000 | 450000 | പൂർത്തീകരിച്ചു |
| ഭൂഗർഭജല വകുപ്പ് | ചെമ്പാല ചക്കിപ്പറമ്പ് ശുദ്ധജല പദ്ധതിക്ക് കുഴൽകിണർ, മോട്ടോർ പമ്പിംഗ് മെയിൻ | ലഭ്യമല്ല | 36460 | 36460 | പൂർത്തീകരിച്ചു |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ആയിരം വീട് പദ്ധതി | ലഭ്യമല്ല | 5100000 | 0 | 0 | 0 | 5100000 |

- മേൽ വിവരം നഗരസഭ ലഭ്യമാക്കിയ പത്രിക പ്രകാരമുള്ളതാണ്. വായ്പ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷം | 2018-19 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,54,643 |
| തൻവർഷം നിക്ഷേപിച്ച തുക | 32804(പലിശ) |
| ആകെ | 387447 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 387447 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | 2018-19 |
|---|---|
| നെടിയിരുപ്പ് സർവ്വീസ് സഹകരണ ബാങ്ക്<br>(അക്കൗണ്ട് നമ്പർ . 0020140012050എഫ്. ഡി Rt. നമ്പർ.002257) | 387447 |
| ആകെ | 387447 |

കുറിപ്പ്- മേൽ വിവരങ്ങൾ നഗരസഭയിൽ നിന്ന് ഹാജരാക്കിയ പത്രിക പ്രകാരമുള്ളതാണ്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./തിയ്യത് |
|---|---|---|---|---|
| 2017-18 | ഓഡിറ്റ് എൻക്വയറി നമ്പർ 2/13.11.2018 | 12409 | കെ.കെ ഷബീർ കോൺട്രാക്ടർ | 118020110978/26.11.2018 |
| 2017-18 | ഓഡിറ്റ് എൻക്വയറി നമ്പർ 21/14.11.2018 | 9821 | അബ്ദുൽ ഗഫൂർ. കെ.പി കൺവീനർ | 118020110973/26.11.2018 |
| 2016-17 | 3-7 | 19472 | സുനിൽകുമാർ അസി.എഞ്ചിനീയർ | 118020100242/05.04.2018 |
| | ആകെ | 41702 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കൊണ്ടോട്ടി നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ മുൻ റിപ്പേർട്ടുകളിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>A. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്</u>

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-

വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99<br>1999-00 | 48,49,53(എ) | 2002-03 | -- | കെട്ടിട വാടക കുറവായി ഈടാക്കി 14590 രൂപ<br>നഗരശുചീകരണം അധിക തുക നൽകിയത് 31168 രൂപ<br>കറണ്ട് ചാർജ്ജ് പലിശ നൽകിയത് 8663 രൂപ<br>നീറാട് കുളം റിപ്പയർ ചെലവ് നഷ്ടം 40284 രൂപ<br>കേരളോത്സവം അധിക ചെലവ് 5151 രൂപ<br>പദ്ധതി നിർവ്വഹണ ചെലവ്- തനത് ഫണ്ടിൽ നിന്ന് ക്രമരഹിതം 34693+30013 രൂപ<br>ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ടുകൾ 43660 രൂപ<br>കാലി ബാരൽ വില ഈടാക്കിയില്ല 9350 രൂപ<br>ടാർ വാങ്ങിയത് സ്റ്റോക്ക് വിശദാംശങ്ങൾ ഇല്ല<br>രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രൊജക്ടുകൾ<br>സമഗ്ര ഭവന നിർമ്മാണം ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ<br>ടാർ വാങ്ങിയത് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല<br>ചോലക്കൽ ചേപ്പിലക്കുന്ന് റോഡ് പണി 59807 രൂപ<br>അനർഹർക്ക് ആനുകൂല്യം നൽകിയത് 38500 രൂപ | നടപടി തുടർന്നു വരുന്നു |
| 1999-00 | 53, 59 | 2003-04 | - | റോഡ് വർക്ക് 59807 രൂപ<br>കാർഷികാവശ്യത്തിന് മോട്ടോർ പമ്പ് സെറ്റ് 38500 രൂപ | നടപടി തുടർന്നു വരുന്നു |
| 1998-99 | 36,49 | 2003-04 | | കംഫർട്ട് സ്റ്റേഷൻ പലിശ 31325 രൂപ<br>ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ട് 43660 രൂപ | നടപടി തുടർന്നു വരുന്നു |
| 2005-06 | 3-3 | 2010-11 | -- | ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി | |
| 2009-10, 2010-11 | 3-16 | 2012-13 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് (ഖരമാലിന്യ പരിചരണം) | |
| 2014-15 | 2-4 | 2016-17 | | | |

B നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02<br>2000-01 | 6<br>7 | 2004-05 | | മുസ്ലിയാരങ്ങാടി ശുദ്ധജല വിതരണ പദ്ധതി തനത് ഫണ്ടിൽ നിന്ന് ചെലവ് 24000+7719 | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | “ |
| 2014-15 | 2-3, 2-1 | 2016-17 | | 2-3 വസ്തു നികുതി അപാകത (2014-15)<br>2-1 തൊഴിൽ നികുതി അപാകത (2014-15) | “ |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1997-98 | 29,30,31,33 | പി.കെ കാർത്തികേയൻ | LF11520/spl.cell/sc5/04/6.9.05 | 50,498 | 50,000/- രൂപ അടവാക്കാൻ അവശേഷിക്കുന്നു |
| 2 | 2003-04 | 3-4, 3-5 | കെ.ചോയിക്കുട്ടി | LF682/spl.cell/sc5/10/14.12.10 | 15,797 | 4,086/- രൂപയുടെ അടവ് വിവരം ലഭ്യമല്ല |

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2018-19 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 322750420 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 275768666 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 139980 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 26578340 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 19980 | ശ്രീ. ഹരീഷ് മധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1,20,000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| ആകെ | | 139980 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 2570242 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-21 | 2540701 | ശ്രീ. ഹരീഷ് മധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 22500 | ശ്രീ. അബ്ദുസ്സലാം. കെ, ഹെൽത്ത് ഓഫീസർ |
| 1-23 | 1,66,58,294 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-24 | 98110 | ഡോ. പ്രദീപ് കുമാർ. കെ.ജെ, മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) |
| 1-25 | 1845493 | ശ്രീ. ഹരീഷ് മധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 4,80,000 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-28 | 2150000 | ശ്രീ. ഹരീഷ് മധു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-31 | 157000 | ശ്രീമതി. രമണി കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-35 | 56000 | ശ്രീ. ജൂഡ് ലൂയിസ്. എസ്, പ്രിൻസിപ്പാൾ |
| | 26578340 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി | സെക്രട്ടറി, നിലമ്പൂർ നഗരസഭ | റോസ് ഹൗസ്, ചന്ദനത്തോപ്പ്. പി.ഒ, കൊല്ലം – 14, പിൻ: 691014 |
| ശ്രീ. ഹരീഷ് മധു എസ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, കൊണ്ടോട്ടി നഗരസഭ | വടവിൽ വീട്, അരശുംമൂട്, കുളത്തൂർ പി.ഒ, തിരുവനന്തപുരം പിൻ: 695538 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1) നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 | |
| 1997-98 | എൽ.എഫ്.എം.7/3250/14 തി:16.12.2014 | 8 | |
| 1998-99 | എൽ.എഫ്.എം.7/3251/14 തി:16.12.2014 | 3 | |
| 1999-00 | എൽ.എഫ്.എം.7/3252/14 തി:16.12.2014 | 7 | |
| 2000-01 | എൽ.എഫ്.എം.7/3253/14 തി:16.12.2014 | 3 | |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 | |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 | |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 | |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 | |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 | |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 | |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 | |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 2009-10,2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 | |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/685/15 തി:24.08.15 | 11 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.24/2062/16 തി:21.06.2017 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 7 | |

2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 | |
| 1998- 99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 | |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 | |
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 | |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 | |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 | |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 | |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 | |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 | |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 | |
| 2008-09 | എൽ.എഫ്.എം.6/2081/10 തി:20.04.2011 | 15 | |
| 2009-10,2010-11 | എൽ.എഫ്.എം.6/380/13 തി:03.07.13 | 18 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/1949/15 തി:16.02.16 | 17 | |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 9 | |

3)കൊണ്ടോട്ടി നഗരസഭ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:18.04.2018 | 16 | |
| 2016-17 | കെ.എസ്.എ.എം.പി.എം.25/2360/17 തി:26.04.2018 | 22 | |
| 2017-18 | കെ.എസ്.എ.എം.പി.എം.25/2804/18 തി:18.01.2019 | 37 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം.

<u>അനുബന്ധം - 1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-എം.പി.എം.25/1888/2019 തിയ്യതി 26.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊണ്ടോട്ടി നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ ചേർത്ത അപാകതകൾ ഒഴികെ കൊണ്ടോട്ടി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ